2023
JULY
25
TUESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ




## സർവീസ് പുനരാരംഭിക്കാൻ ഗോ ഫസ്റ്റ് വിമാന കമ്പനിക്ക് ഉപാധികളോടെ അനുമതി

**ന്യൂഡൽഹി:** സർവീസ് പുനരാരംഭിക്കാൻ ഗോ ഫസ്റ്റ് വിമാന കമ്പനിക്ക് വ്യോമയാന ഡയറക്ടറേറ്റ് ജനറൽ (ഡിജിസിഎ) ഉപാധികളോടെ അനുമതി നൽകി. 15 വിമാനങ്ങൾക്ക് പ്രതിദിനം 114 സർവീസുകൾ നടത്താം. സാമ്പത്തിക പ്രതിസന്ധിയും എൻജിനുകൾ ലഭിക്കുന്നതിലെ കാലതാമസവും മൂലം മേയ് മൂന്നിനാണ് ഗോ ഫസ്റ്റ് സർവീസ് നിർത്തിയത്. കമ്പനിയുമായി ബന്ധപ്പെട്ട് ഡൽഹി ഹൈക്കോടതി, ദേശീയ കമ്പനി നിയമ ട്രൈബ്യൂണൽ എന്നിവിടങ്ങളിലുള്ള കേസുകളിലെ വിധി കൂടി കണക്കിലെടുത്ത് സർവീസുകൾ പുനരാരംഭിക്കാമെന്ന് ഡിജിസിഎ വ്യക്തമാക്കി. സർവീസ് നടത്തുന്നതിനുള്ള താൽക്കാലിക ഫണ്ടും കമ്പനി കണ്ടെത്തണം.




സർവീസ് പുനരാരംഭിക്കുന്നതിനുള്ള രൂപരേഖ കഴിഞ്ഞ മാസം 28നാണ് ഡിജിസിഎയ്ക്ക് കമ്പനി സമർപ്പിച്ചത്. 26 വിമാനങ്ങൾക്ക് പ്രതിദിനം 160 സർവീസ് നടത്താൻ കഴിയുമെന്നായിരുന്നു കമ്പനിയുടെ വാദം. പൈലറ്റുമാരുടെ ക്ഷാമം കണക്കിലെടുത്താണ് വിമാനങ്ങളുടെ എണ്ണം 15 ആയി കുറച്ചത്. പ്രതിദിനം 195 സർവീസുകളാണ് മുൻപ് ഗോ ഫസ്റ്റ് നടത്തിയിരുന്നത്. സാമ്പത്തിക പ്രതിസന്ധി രൂക്ഷമായതോടെ പാപ്പരായി പ്രഖ്യാപിക്കണമെന്നാവശ്യപ്പെട്ട് ദേശീയ നിയമ ട്രൈബ്യൂണലിനെ കമ്പനി സമീപിച്ചിരുന്നു.





## ഇക്കുറിയും 25 കോടിയുടെ തിരുവോണം ബംപർ; ആകെ 5.34 ലക്ഷം പേർക്ക് സമ്മാനം

**തിരുവനന്തപുരം:** 25 കോടി രൂപ ഒന്നാം സമ്മാനം നൽകുന്ന തിരുവോണം ബംപർ ടിക്കറ്റ് സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് പുറത്തിറക്കി. 500 രൂപയാണു ടിക്കറ്റ് വില. 20 പേർക്ക് ഒരു കോടി രൂപ വീതമാണു രണ്ടാം സമ്മാനം. 50 ലക്ഷം വീതം 20 നമ്പറുകൾക്കു മൂന്നാം സമ്മാനം. ഇത്തവണ ആകെ 5,34,670 പേർക്കാണ് സമ്മാനം ലഭിക്കുക. സെപ്റ്റംബർ 20നാണ് നറുക്കെടുപ്പ്.

തിരുവനന്തപുരത്ത് നടന്ന ചടങ്ങിൽ മന്ത്രി കെ.എൻ.ബാലഗോപാൽ ബംപർ ലോട്ടറി പ്രകാശനം ചെയ്തു. മന്ത്രി ആന്റണി രാജുവും സംസ്ഥാന ചലച്ചിത്ര പുരസ്കാര ജേതാവായ നടൻ പി.പി.കുഞ്ഞികൃഷ്ണനനും പങ്കെടുത്തു. കഴിഞ്ഞ വർഷം 3,97,911 പേർക്കായിരുന്നു സമ്മാനം. കഴിഞ്ഞ വർഷത്തെ ഓണം ബംപർ ടിക്കറ്റ്, വിൽപനയിൽ റെക്കോർഡ് സൃഷ്ടിച്ചിരുന്നു; ആകെ 66,55,914 ടിക്കറ്റുകളാണ് വിറ്റത്. തൊട്ടു മുൻവർഷത്തേക്കാൾ 12.5 ലക്ഷം ടിക്കറ്റുകൾ അധികം കഴിഞ്ഞ വർഷം വിറ്റുപോയി.

ഇത്തവണ ആകെ സമ്മാനത്തുക 125 കോടി 54 ലക്ഷം രൂപയാണ്. രണ്ടും മൂന്നും സമ്മാനങ്ങൾ കഴിഞ്ഞ തവണത്തേതിനേക്കാൾ ആകർഷകമാക്കിയതാണ് ഇത്തവണത്തെ സവിശേഷത. നാലാം സമ്മാനം 5 ലക്ഷം വീതം 10 പേർക്ക്, അഞ്ചാം സമ്മാനം 2 ലക്ഷം വീതം പത്തു പേർക്ക് എന്നിവയ്ക്ക് പുറമേ 5000, 2000, 1000, 500 രൂപയുടെ നിരവധി സമ്മാനങ്ങളുമുണ്ട്.

## ട്വിറ്ററിന്റെ പേരുമാറ്റി ഇലോൺ മസ്ക്; നീലക്കുരുവി'ഇനി ഉണ്ടാകില്ല



**സാൻഫ്രാൻസിസ്കോ:** സമൂഹമാധ്യമമായ ടിറ്ററിന്റെ പേരുമാറ്റി ഉടമ ഇലോൺ മസ്ക്. ടിറ്റർ ഇനി 'എക്സ്' എന്ന് അറിയപ്പെടും. ഇതുസംബന്ധിച്ച് ഔദ്യോഗിക പ്രഖ്യാപനമായി. ടിറ്ററിന്റെ ലോഗോയും മാറി. നിലവിലെ ലോഗോയായ 'നീലക്കുരുവി' ഇനി ഉണ്ടാകില്ല. ഇതിനുപുറമേ, ബാങ്കിങ് ഉൾപ്പെടെ മറ്റു സേവനങ്ങളും ലഭ്യമാകും.

ടിറ്ററിന്റെ ലോഗോ മാറ്റി പകരം 'എക്സ്' എന്ന ലോഗോ സ്വീകരിച്ചതായി കഴിഞ്ഞ ദിവസം മസ്ക് ടീറ്റിലൂടെ അറിയിച്ചിരുന്നു

## മേഘാലയ മുഖ്യമന്ത്രിയുടെ ഓഫിസിന് നേരെ ആൾക്കൂട്ട ആക്രമണം; അഞ്ച് പേർക്ക് പരിക്ക്

**ഷില്ലോങ്:** മേഘാലയ മുഖ്യമന്ത്രി കോൺറാഡ് സാങ്മയുടെ ഓഫിസിനു നേരെയുണ്ടായ ആൾക്കൂട്ട ആക്രമണത്തിൽ അഞ്ച് സുരക്ഷാ ഉദ്യോഗസ്ഥർക്ക് പരിക്കേറ്റു. സാങ്മയ്ക്ക് പരിക്കില്ല. നൂറുകണക്കിനാളുകൾ സ്ഥലം വളഞ്ഞതിനാൽ അദ്ദേഹം ഇപ്പോഴും തുറയിലെ ഓഫിസിനുള്ളിലാണെന്നാണ് റിപ്പോർട്ട്.

തുറ നഗരത്തെ സംസ്ഥാനത്തിന്റെ ശൈത്യകാല തലസ്ഥാനം ആക്കണമെന്നാവശ്യപ്പെട്ട് തീവ്ര സിവിൽ സൊസൈറ്റി ഗ്രൂപ്പുകൾ നിരാഹാര സമരം നടത്തിയിരുന്നു. ഇവരുമായി ചർച്ചയ്ക്കെത്തിയതായിരുന്നു മുഖ്യമന്ത്രി. അതിനിടെ, വൈകിട്ടോടെ മുഖ്യമന്ത്രിയുടെ ഓഫിസിനു പുറത്ത് നൂറുകണക്കിന് ആളുകൾ തടിച്ചുകൂടി കല്ലെറിയാൻ തുടങ്ങി. ഇതോടെയാണു പ്രശ്നങ്ങൾക്കു തുടക്കമായത്. പ്രതിഷേധക്കാരോടു സാങ്മ സംസാരിക്കുന്നതിനിടെ ജനക്കൂട്ടത്തിലുണ്ടായിരുന്ന ചിലർ കല്ലെറിയുകയായിരുന്നു.എസിഎച്ച്ഐകെ, ജിഎച്ച്എസ്എംസി തുടങ്ങിയ സിവിൽ സൊസൈറ്റി ഗ്രൂപ്പുകളാണ് തുറയെ ശൈത്യകാല തലസ്ഥാനം ആക്കണമെന്നാവശ്യപ്പെടുന്നത്. ശൈത്യകാല തലസ്ഥാന ആവശ്യവും തൊഴിൽ സംവരണവും സംബന്ധിച്ച് ചർച്ച നടത്താമെന്ന് സമരക്കാരോട് സാങ്മ പറഞ്ഞിട്ടുണ്ട്. മന്ത്രിമാരും മറ്റു തൽപരകക്ഷികളും ചർച്ചയിൽ പങ്കെടുക്കും. അടുത്ത മാസം സംസ്ഥാന തലസ്ഥാനമായ ഷില്ലോങ്ങിൽ ചർച്ചകൾ ആരംഭിക്കുന്നതിന് മുൻപ് പ്രതിഷേധം അവസാനിപ്പിക്കാൻ അദ്ദേഹം സംഘടനകളോട് ആവശ്യപ്പെട്ടു.

## വിലനിലവാര സൂചിക

തിരുവനന്തപുരം: ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് 2023 മെയ് മാസത്തെ വിലനിലവാര സൂചിക പ്രസിദ്ധീകരിച്ചു. ജില്ല, സൂചിക ക്രമത്തിൽ. 2023 ഏപ്രിൽ മാസത്തിലേത് ബ്രാക്കറ്റിൽ.തിരുവനന്തപുരം 196 (194), കൊല്ലം 188 (189), പുനലൂർ 191 (191), പത്തനംതിട്ട 205 (204), ആലപ്പുഴ 195 (195), കോട്ടയം 200 (200), മുണ്ടക്കയം 194 (192), ഇടുക്കി 193 (192), എറണാകുളം 193 (192), ചാലക്കുടി 211 (210), തൃശൂർ 203 (203), പാലക്കാട് 189 (188), മലപ്പുറം 193 (192), കോഴിക്കോട് 202 (201), വയനാട് 196 (195), കണ്ണൂർ 202 (201), കാസർഗോഡ് 202 (203).





## അങ്കണവാടികൾ വൈദ്യുതീകരിക്കും: മന്ത്രി വീണാ ജോർജ്

**പന്തളം :** സംസ്ഥാനത്തെ അങ്കണവാടികളെല്ലാം ഈ സാമ്പത്തികവർഷം തന്നെ പൂർണമായും വൈദ്യുതീകരിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. കുളനട പഞ്ചായത്തിലെ ഉള്ളന്നൂർ ചിറ്റൊടിയിലുള്ള അങ്കണവാടി കെട്ടിടം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

കുളനട പഞ്ചായത്ത് വൈസ് പ്രസിഡന്റ് പി.ആർ. മോഹൻദാസ് അദ്ധ്യക്ഷത വഹിച്ചു. ആർ. അജയകുമാർ മുഖ്യാതിഥിയായി.ശോഭാ മധു, കുളനട ജി.ഗീതാദേവി, ഉണ്ണികൃഷ്ണപിള്ള, എൽ.സി ജോസഫ്, ഐശ്വര്യ ജയചന്ദ്രൻ, വി.ആർ.വിനോദ്കുമാർ, എം.എസ്.സന്തോഷ്, സാറാമ്മ കുഞ്ഞുകുഞ്ഞ്, പുഷ്പകുമാരി, ഷീജാ മോനച്ചൻ, വാർഡ് അംഗം ബിജു പരമേശ്വരൻ,യു.അബ്ദുൾ ബാരി,അനുദേവ, സൂസൻ തോമസ്,അനിത ദീപ്തി,എസ്.ബി. ചിത്ര,എസ്.സുമയ്യ,കെ. ലീലാമ്മ തുടങ്ങിയവർ പങ്കെടുത്തു.



# അബാൻ മേൽപാലം: സ്പാൻ നിർമാണത്തിനുള്ള ഒരുക്കങ്ങൾ തുടങ്ങി

**പത്തനംതിട്ട:** അബാൻ മേൽപാലം രണ്ടാമത്തെ സ്പാൻ നിർമാണത്തിനുള്ള ഒരുക്കങ്ങൾ തുടങ്ങി. രണ്ടാമത്തെ സ്പാനിന്റെ തട്ട് അടിക്കാനുള്ള മുട്ടുകൾ സ്ഥാപിക്കുന്ന ജോലികളാണ് നടക്കുന്നത്. തട്ടിയുംമുട്ടിയും ഇഴഞ്ഞ പണികൾക്ക് വേഗം കൂടിയിട്ടുണ്ട്. മന്ത്രി വീണാ ജോർജിന്റെ ആവശ്യപ്രകാരം കഴിഞ്ഞ ദിവസം കിഫ്ബിയുടെ ഉന്നതതല സംഘം ഇവിടെ പരിശോധന നടത്തിയിരുന്നു. ഡിസംബറിൽ പാലംപണി പൂർത്തിയാക്കണമെന്ന് നിർദേശം നൽകിയശേഷമാണ് പണി വേഗത്തിലായത്.

മേൽപാലത്തിന് 20 സ്പാനുകൾ ഉണ്ട്. അതിൽ 19 സ്പാനുകൾക്ക് 30 മീറ്റർ നീളവും 12 മീറ്റർ വീതിയുമാണ്. ഒരെണ്ണത്തിന് 36 മീറ്റർ നീളവും 12 മീറ്റർ വീതിയുമാണ്. അബാൻ ജംക്ഷനും സ്വകാര്യ ബസ് സ്റ്റാൻഡിനും മധ്യേയുള്ള തൂണുകൾ കോൺക്രീറ്റ് ചെയ്യാനുള്ള കമ്പി കെട്ട്, വശത്തു തട്ടടിക്കലുമാണ് നടക്കുന്നത്. അബാൻ ജംക്ഷനും മുത്തൂറ്റ് ആശുപത്രിക്കും മധ്യേയുള്ള പണികൾ കാര്യമായി നടക്കുന്നില്ല.

അബാൻ മേൽപാലത്തിന്റെ ഇരുവശത്തും 5.5 മീറ്റർ വീതിയിൽ സർവീസ് റോഡ് നിർമിക്കും. ഇതിനുള്ള സ്ഥലമെടുപ്പ് നടക്കാനുണ്ട്. സർവീസ് റോഡിന്റെ അലൈൻമെന്റ് നിശ്ചയിച്ച് ഏറ്റെടുക്കേണ്ട സ്ഥലത്തിന്റെ അതിരുകല്ലും സ്ഥാപിച്ചു.

വസ്തു ഏറ്റെടുക്കുന്നതിനുള്ള വിജ്ഞാപനം ഇറങ്ങിയില്ല. സ്ഥലം ഏറ്റെടുക്കൽ നീണ്ടുപോകുന്നത് നിർമാണത്തെ ബാധിക്കാതിരിക്കാൻ വസ്തു ഉടമകളുമായി ചർച്ച നടത്തും.

വസ്തു മുൻകൂർ വിട്ടു നൽകാൻ ഉടമകൾ തയാറായാലേ പാലത്തിനൊപ്പം റോഡ് നിർമാണവും തുടങ്ങാൻ കഴിയൂ. ഇതിനായി റവന്യു മന്ത്രി പ്രത്യേക യോഗം വിളിക്കണമെന്ന ആവശ്യവും കിഫ്ബി മുന്നോട്ടു വച്ചിട്ടുണ്ട്.



## ആൾത്തിരക്കേറി; അപകട മേഖലയായി സീതാർകുണ്ട്

കൊല്ലങ്കോട്: വിനോദ സഞ്ചാരികളുടെ ഹരമായി മാറിയ സീതാർകുണ്ട് വെള്ളച്ചാട്ടം അപകട മേഖലയായി മാറുന്നു. നിരവധി പേരാണ് ദിവസന്തോറും ഇവിടെയെത്തുന്നത്. കാട്ടരുവിൽ നിന്ന് ഒഴുകിയെത്തുന്ന വെള്ളച്ചാട്ടം കാണാനും പ്രകൃതി മനോഹാരിത ആസ്വദിക്കുന്നനുമൊപ്പം യുവാക്കളുടെ സാഹസികമായ കുളി അതിരുകടക്കുകയാണ്.മഴവെള്ളപ്പാച്ചിലിൽ പാറയുടെ മുകളിലിരുന്ന് സെൽഫി എടുക്കുന്നത് അപകട സാദ്ധ്യത കൂട്ടുന്നു. അമ്പതടി ഉയരത്തിലുള്ള പാറയുടെ മുകളിൽ കയറിയാണ് പലരും വെള്ളത്തിലേക്ക് ചാടുന്നത്. ഈ മേഖലയിൽ മുൻവർഷങ്ങളിൽ അപകടത്തിൽപ്പെട്ട് നിരവധി പേരുടെ ജീവൻ നഷ്ടമായിട്ടുണ്ട്. നെല്ലിയാമ്പതിയുടെ വൃഷ്ടി പ്രദേശത്ത് കനത്ത മഴ ലഭിച്ചതോടെ വെള്ളത്തിന്റെ കുത്തൊഴുക്കും വർദ്ധിച്ചു. ഇതൊന്നുമറിയാതെ വിവിധ ജില്ലകളിൽ നിന്നുമെത്തുന്ന വിനോദ സഞ്ചാരികൾ സാഹസിക വിനോദത്തിൽ ഏർപ്പെടുകയാണ്.

വനം വകുപ്പിന്റെ പരിധിയിലുള്ള സീതാർകുണ്ടിൽ കുളിക്കുന്നത് നിയന്ത്രണം ഏർപ്പെടുത്തുകയോ സുരക്ഷിതമായി കുളിക്കാനുള്ള സൗകര്യം ഏർപ്പെടുത്തുകയോ വേണമെന്ന് നാട്ടുകാർ ആവശ്യപ്പെട്ടു. അപകടം സംഭവിക്കുമ്പോൾ മാത്രമാണ് വനം ഉദ്യോഗസ്ഥർ സ്ഥലത്തെത്തുന്നതെന്നും പരാതിയുയരുന്നു.

# ഓണത്തിന് ചെങ്ങാലിക്കോടൻ ഒരുക്കി വരവൂർ കുടുംബശ്രീ

**വരവൂർ:** കഴിഞ്ഞ വർഷത്തെ ഓണത്തിന് ജില്ലാ കുടുംബശ്രീ വിപണനമേളയിൽ ഏറ്റവും കൂടുതൽ ചെങ്ങാലിക്കോടൻ നേന്ത്രവാഴക്കുലകൾ വിറ്റഴിച്ച വരവൂർ കുടുംബശ്രീ ഇത്തവണ 11ഏക്കറിൽ കൃഷി ചെയ്ത 7000ചെങ്ങാലിക്കോടൻ നേന്ത്രവാഴകളുമായാണ് ഓണവിപണിയിലെത്തുന്നത്. കഴിഞ്ഞ വർഷമിത് 3000വാഴകളായിരുന്നു . ചെങ്ങാലിക്കോടൻ നേന്ത്രക്കുലകൾ വിറ്റഴിക്കാനായി വരവൂരിലും ചന്ത തുറന്നിരുന്നു. കഴി!ഞ്ഞ വർഷം ഈ ചന്തയിൽകൂടി ഏകദേശം 8ലക്ഷം രൂപയുടെ നേന്ത്രക്കുലകളാണ് വരവൂർ കുടുംബശ്രീ വിറ്റഴിച്ചത്.



വരവൂർ പഞ്ചായത്തിലെ 2,4,11,12,13 വാർഡുകളിലാണ് ഇത്തവണ ജെഎൽജികളുടെ കൂട്ടായ്മയിൽ ചെങ്ങാലിക്കോടൻ വാഴ കൃഷിത്തോട്ടങ്ങളൊരുക്കിയിട്ടുള്ളത്. സ്ഥലം പാട്ടത്തിനെടുത്താണ് കൃഷി. സുരക്ഷിത, സുമ, കർഷകമിത്ര, ആര്യ, അനുഗ്രഹ, പൊന്നാര്, കനി, കനകം, ഗ്രീഷ്മം, ആതിര, കാഞ്ചന, അമ്പാടി, ദേവദ്യുതി എന്നീ ജെഎൽജികളുടെ നേതൃത്വത്തിലാണ് വാഴക്കൃഷി ചെയ്തിട്ടുള്ളത്.

പ്രത്യേക പരിചരണം നൽകി വളർത്തിയ വാഴകൾ മുളങ്കാലുകൾ താങ്ങായി ഉറപ്പിച്ചും,കായ്കൾക്ക് നിറവും വലിപ്പവും വരാൻ പ്രത്യേകം പൊതിഞ്ഞും സൂരക്ഷിതമാക്കി ഒരുക്കി നിർത്തിയിരിക്കുന്നു.

വാഴകൾ ഭൂരിഭാഗവും ഓണത്തിന് വിളവെടുക്കാൻ പാകത്തിലായിട്ടുണ്ട്.

ഓണകിറ്റിലേക്ക് ചിപ്സ് തയാറാക്കി നൽകാനും കുടംബശ്രീക്ക് ഓർഡർ ലഭിക്കാറുണ്ട്. ഓണവിപണി കഴിഞ്ഞാൽ ചെങ്ങാലിക്കോടൻ നേന്ത്രവാഴക്കന്നുകൾക്കും നല്ല ഡിമാൻഡാണ്. ഓണവിപണിക്കായി സിഡിഎസിലെ വിവിധ ജെഎൽജികളുടെ യോഗം കുടുംബശ്രീ ചെയർപഴ്സൻ വി.കെ. പുഷ്പയു!ടെ നേതൃത്വത്തിൽ നടന്നു.

## കോഴിവളർത്തലിലൂടെ സ്വയം പര്യാപ്തരാകാൻ വിദ്യാർത്ഥികൾ

**നെടുമങ്ങാട്:** കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ നടപ്പാക്കുന്ന കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് പദ്ധതിയിൽ നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ കന്യാകുളങ്ങര ഗവൺമെന്റ് ഗേൾസ് ഹയർസെക്കണ്ടറി സ്കൂളിലേയും നെടുവേലി ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിലേയും വിദ്യാർത്ഥികളും അണിചേരും. കുട്ടികളിൽ കോഴിവളർത്തലിലെ താത്പര്യം വർധിപ്പിച്ച്, കോഴിവളർത്തൽ രംഗത്തെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്ന പദ്ധതിയുടെ ഉദ്ഘാടനം കന്യാകുളങ്ങര ഗവൺമെന്റ് ഗേൾസ് ഹയർസെക്കണ്ടറി സ്കൂളിൽ ഭക്ഷ്യപൊതുവിതരണവകുപ്പ് മന്ത്രി ജി.ആർ അനിൽ നിർവഹിച്ചു. എട്ട്, ഒൻപത് ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് അഞ്ച് മുട്ടക്കോഴി കുഞ്ഞുങ്ങളും ഒരു കിലോ തീറ്റയും മരുന്നും സൗജന്യമായി പദ്ധതിയിലൂടെ വിതരണം ചെയ്യുന്നു.

കുട്ടികളിൽ സ്വാശ്രയ ശീലവും സമ്പാദ്യശീലവും വർധിപ്പിക്കുന്നതിനും കോഴിമുട്ട ഉത്പാദനത്തിലൂടെ ഭക്ഷണത്തിൽ കുട്ടികൾക്കാവശ്യമായ മുട്ടയുടെ ലഭ്യത ഉറപ്പാക്കി ആരോഗ്യമുള്ള സമൂഹത്തെ വാർത്തെടുക്കുകയുമാണ് പദ്ധതിയുടെ ഉദ്ദേശമെന്ന് മന്ത്രി പറഞ്ഞു. പൊതുവിദ്യാഭ്യാസരംഗത്തെ മെച്ചപ്പെടുത്തുന്നതിന് വളരെയധികം ശ്രദ്ധ സർക്കാർ നൽകുന്നുണ്ടെന്നും പഠനേതര പ്രവർത്തനങ്ങൾക്കും പ്രധാന്യം നൽകുന്ന കാലഘട്ടമാണിതെന്നും മന്ത്രി വ്യക്തമാക്കി. കുട്ടികൾക്കായി കെപ്കോ നടപ്പാക്കുന്ന കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് പദ്ധതി അഭിനന്ദനം അർഹിക്കുന്നതായും മന്ത്രി പറഞ്ഞു.

ഇരു സ്കൂളുകളിലേയും 656 വിദ്യാർത്ഥികൾക്കാണ് മുട്ടക്കോഴി കുഞ്ഞുങ്ങളെ വിതരണം ചെയ്തത്. ഒരു വിദ്യാർത്ഥിക്ക് 850 രൂപയുടെ ആനുകൂല്യങ്ങളാണ് കെപ്കോ പദ്ധതിയിലൂടെ സൗജന്യമായി നൽകുന്നത്. 5,57,600 രൂപയാണ് പദ്ധതിക്കായി ചെലവാക്കിയത്.കോഴിമുട്ടയ്ക്കും കോഴിയിറച്ചിക്കും അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്നത് ക്രമേണ കുറച്ച് ഇവയുടെ ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാനാണ് കെപ്കോ ലക്ഷ്യമിടുന്നത്. കെപ്കോ ചെയർമാൻ പി.കെ മൂർത്തി അധ്യക്ഷനായ ചടങ്ങിൽ മാണിക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കുതിരകുളം ജയൻ, ജില്ലാ പഞ്ചായത്തംഗം ഷീലാകുമാരി, ബ്ലോക്ക്ഗ്രാമപഞ്ചായത്തംഗങ്ങൾ, പ്രധാനാധ്യാപകർ, മറ്റ് അധ്യാപകർ, വിദ്യാർത്ഥികൾ എന്നിവരും പങ്കെടുത്തു.

# നാലു വർഷ ബിരുദം ബാധകമാവുക പുതിയ ബാച്ചുകൾക്കു മാത്രം: മന്ത്രി ആർ ബിന്ദു

**തൃശൂർ:** നാലു വർഷ ബിരുദ കോഴ്സുകളുടെ ആദ്യ വർഷ ബാച്ചിനാണ് അടുത്ത അധ്യയന വർഷം തുടക്കം കുറിക്കുന്നതെന്നും നിലവിലെ ബിരുദ ബാച്ചുകൾക്ക് മൂന്നു വർഷ രീതിയിൽ തന്നെ കോഴ്സ് പൂർത്തിയാക്കാമെന്നും മന്ത്രി ആർ ബിന്ദു. കരിക്കുലം പരിഷ്ക്കരണവുമായി ബന്ധപ്പെട്ട് നടന്ന കോളേജ് പ്രിൻസിപ്പൽമാരുടെയും മാനേജ്മെന്റുകളുടെയും പ്രതിനിധികളുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. സംസ്ഥാനത്തെ സർവകലാശാലകളിൽ ഏകീകൃത അക്കാദമിക പരീക്ഷാ കലണ്ടർ തയ്യാറാക്കുന്ന കാര്യം പരിഗണനയിലുണ്ടെന്നും മന്ത്രി അറിയിച്ചു.



നാലു വർഷ ബിരുദ പദ്ധതിയുമായി ബന്ധപ്പെട്ട വിശദമായ നടപടിക്രമങ്ങൾ തയ്യാറായിക്കഴിഞ്ഞതായും മന്ത്രി പറഞ്ഞു. ഇതുമായി ബന്ധപ്പെട്ട മാതൃകാ നിർദ്ദേശങ്ങൾ ഉന്നതവിദ്യാഭ്യാസ വകുപ്പ് തയ്യാറാക്കി നൽകും. സർവകലാശാലകൾക്ക് ആവശ്യമായ മാറ്റങ്ങൾ വരുത്തി അവ നടപ്പിലാക്കാൻ അവസരം നൽകും. നാലു വർഷ ബിരുദ സംവിധാനം നിലവിൽ വരുന്നതോടെ ബിരുദാനന്തര ബിരുദ കോഴ്സുകളുടെ ഘടനയിലും സ്വഭാവത്തിലും ആവശ്യമായ മാറ്റങ്ങൾ കൊണ്ടുവരും.

പുതിയ സംവിധാനത്തിലേക്ക് ബിരുദ കോഴ്സുകൾ പുനക്രമീകരിക്കപ്പെടുന്നതിലൂടെ അധ്യാപകർക്ക് ജോലി നഷ്ടമാവുന്ന സാഹചര്യമുണ്ടാവില്ല. പുതിയ സാഹചര്യത്തിൽ കോഴ്സുകളുടെ തുല്യതാ സർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ആവശ്യമായ നടപടി സ്വീകരിക്കും. ഭരണഘടനാ മൂല്യങ്ങൾ, സാമൂഹ്യനീതി, പരിസ്ഥിതി, ജെൻഡർ തുടങ്ങിയ വിഷയങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തും.

പഠനസമയവുമായി ബന്ധപ്പെട്ട് ആവശ്യമായ ക്രമീകരണങ്ങൾ സ്ഥാപനങ്ങൾക്ക് വരുത്താം. ക്ലാസ്സ് മുറികളിലെ പഠനത്തിനു ശേഷം ലാബുകളിലും മറ്റുമായി കൂടുതൽ സമയം ചെലവഴിക്കാൻ അവസരം വേണമെന്ന ആവശ്യം വിദ്യാർഥി സമൂഹത്തിൽ നിന്ന് ഉയർന്നുവരുന്നുണ്ട്. ഇതിന് അനുസൃതമായ നടപടി കോളേജുകൾക്ക് കൈക്കൊള്ളാമെന്നും മന്ത്രി അറിയിച്ചു. ഓട്ടോണമസ് കോളേജുകൾക്ക് പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് അനുമതി നൽകും.

സ്വാശ്രയ കോളേജുകൾ ഉൾപ്പെടെ എല്ലാ വിഭാഗം സ്ഥാപനങ്ങളെയും ചേർത്തു നിർത്തി ഉന്നതവിദ്യാഭ്യാസ മേഖലയിലെ അക്കാദമിക അന്തരീക്ഷം കൂടുതൽ മികച്ചതാക്കുക എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാന സർക്കാർ മുന്നോട്ടു പോവുന്നതെന്നും മന്ത്രി പറഞ്ഞു.

അടിസ്ഥാന സൗകര്യങ്ങൾ, അധ്യാപകരുടെ വേതനം തുടങ്ങിയ കാര്യങ്ങളിൽ സ്വകാര്യ സ്ഥാപനങ്ങൾ ശ്രദ്ധ പുലർത്തണം. അക്കാദമിക നിലവാരം മികച്ചതാക്കുന്നതിന്റെ ഭാഗമായി സ്വാശ്രയ സ്ഥാപനങ്ങളിലുൾപ്പെടെ അധ്യാപകർക്ക് പരിശീലനം നൽകും. കോഴ്സ് ഫീ വർധിപ്പിക്കുന്ന കാര്യത്തിൽ ബന്ധപ്പെട്ടവരുമായുള്ള ചർച്ചയ്ക്കു ശേഷം തീരുമാനമെടുക്കുമെന്നും മന്ത്രി അറിയിച്ചു.

## സൂക്ഷ്മ തൊഴിൽ സംരംഭങ്ങളുടെ യൂണിറ്റ്; അപേക്ഷ ക്ഷണിച്ചു

**കോട്ടയം:** കേരള സർക്കാർ ഫിഷറീസ് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സൊസൈറ്റി ഫോർ അസിസ്റ്റന്റ്സ് ടു ഫിഷർ വിമൺ (സാഫ്), നടപ്പാക്കുന്ന തീരമൈത്രി പദ്ധതിയിൽ ചെറുകിട തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് ധനസഹായത്തിന് അപേക്ഷിക്കാം. മത്സ്യത്തൊഴിലാളി വനിതകൾ അടങ്ങുന്ന ഗ്രൂപ്പുകൾക്കാണ് അവസരം. മത്സ്യത്തൊഴിലാളി കുടുംബ രജിസ്റ്ററിൽ അംഗത്വമുള്ള 20 വയസിനും 40 വയസിനുമിടയിൽ പ്രായമുള്ള രണ്ട് മുതൽ അഞ്ച് പേരടങ്ങുന്ന ഗ്രൂപ്പുകളാകണം.

പ്രകൃതി ദുരന്തങ്ങൾക്ക് നേരിട്ട് ഇരയായവർ, മാറാ രോഗങ്ങൾ ബാധിച്ചവർ കുടുംബത്തിലുള്ളവർ, ട്രാൻസ്ജൻഡേഴ്സ്, വിധവകൾ, തീരനൈപുണ്യ കോഴ്സിൽ പങ്കെടുത്തവർ എന്നിവർക്ക് മുൻഗണന ലഭിക്കും. സാഫിൽ നിന്നും ഒരു തവണ ധനസഹായം കൈപ്പറ്റിയവർ അപേക്ഷിക്കേണ്ടതില്ല. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാന്റും 20 ശതമാനം ബാങ്ക് ലോണും അഞ്ച് ശതമാനം ഗുണഭോക്തൃ വിഹിതവുമായിരിക്കും. ഒരംഗത്തിന് പരമാവധി ഒരു ലക്ഷം രൂപ നിരക്കിൽ അഞ്ച് പേർ അടങ്ങുന്ന ഗ്രൂപ്പിന് അഞ്ച് ലക്ഷം രൂപ വരെ സബ്സിഡിയായി ലഭിക്കും. വാല്യൂ ആഡഡ് ഫിഷ് പ്രോസസ്സിംഗ് ഡ്രൈ ഫിഷ് യൂണിറ്റ്, ഫിഷ് ബൂത്ത്, വാല്യൂ ആഡഡ് പ്രോഡക്ട് ഫ്രൂട്ട്സ് ആൻഡ് വെജിറ്റബിൾസ്, റസ്റ്ററന്റ്/ ഹോട്ടൽ, കാറ്ററിംഗ് സർവീസ്, ഫ്ളോർ മിൽ, ബേക്കറി/ഫുഡ് പ്രോസസ്സിംഗ്, പ്രൊവിഷൻ സ്റ്റോർ, തയ്യൽ യൂണിറ്റ്, ബ്യൂട്ടി പാർലർ, ലാബ് ആൻഡ് മെഡിക്കൽ സ്റ്റോർ, പെറ്റ് ഷോപ്പ്, ഗാർഡൻ നഴ്സറി, ഓൾഡ് എയ്ജ് ഹോം, പാലിയേറ്റീവ് കെയർ യൂണിറ്റ്, ഫിറ്റ്നസ്സ് സെന്റ്ര്, കുട നിർമ്മാണം, കയർ പ്രൊഡക്ഷൻ യൂണിറ്റ്, ഹൗസ് കീപ്പിംഗ്, ഡ്രൈ ക്ലീനിംഗ് സർവീസ്, ഫാഷൻ ഡിസൈനിംഗ്, ടൂറിസം, കംപ്യൂട്ടർ സെന്റർ, ട്യൂഷൻ സെന്റർ, ഐടി അനുബന്ധ സ്ഥാപനങ്ങൾ, മുതലായ യൂണിറ്റുകൾ ആരംഭിക്കാം. അപേക്ഷ ഫോറം കാരാപ്പുഴയിൽ പ്രവർത്തിക്കുന്ന ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്, വൈക്കം മത്സ്യഭവൻ ഓഫീസ് എന്നിവിടങ്ങളിൽ നിന്നും ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷകൾ കാരാപ്പുഴയിൽ പ്രവർത്തിക്കുന്ന ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിലും, വൈക്കം മത്സ്യഭവൻ ഓഫീസിലും ഓഗസ്റ്റ് 10 വരെ സ്വീകരിക്കും. വിശദവിവരത്തിന് ഫോൺ: 9495801822, 8848075157, 8078762899.

## കരാർ നിയമനം

എറണാകുളം ജില്ലയിലെ ഒരു കേന്ദ്ര അർദ്ധ സർക്കാർ സ്ഥാപനത്തിൽ വിവിധ തസ്തികകളിലേയ്ക്ക്, വിവിധ വിഭാഗങ്ങളിൽ , ( കരാർ അടിസ്ഥാനത്തിൽ ) ഒഴിവുകൾ നിലവിലുണ്ട്. നിശ്ചിത യോഗ്യതകൾ ഉള്ള ഉദ്യോഗാർത്ഥികൾ, എല്ലാ അസ്സൽ സർട്ടിഫിക്കറ്റുകളും 25 ന് മുമ്പ് അതാത് എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. പ്രായപരിധി 1830 നിയമാനുസൃത വയസ്സിളവ് അനുവദനീയം. വിദ്യാഭ്യാസ യോഗ്യത : എസ്.എസ്.എൽ.സി, ഐ.റ്റി.ഐ എൻ.റ്റി.സി ഷീറ്റ് മെറ്റൽ വർക്കർ/ഫിറ്റർ/വെൽഡർ/ വെൽ!ഡർ (ഗ്യാസ് & ഇലക്ട്രിക്)/മെക്കാനിക് ഡീസൽ/മെക്കാനിക് മോട്ടോർ വെഹിക്കിൽ/പ്ലംബർ/പെയിന്റർ/ ഇർലക്ട്രീഷ്യൻ. 3 വർഷത്തെ പ്രവർത്തി പരിചയം/ ട്രെയിനിങ് ഉള്ളവരായിരിക്കണം.

## ലാറ്ററൽ എൻട്രി അഡ്മിഷൻ

**തിരുവനന്തപുരം :** തിരുവനന്തപുരം ജില്ലയിലെ ലാറ്ററൽ എൻട്രി അഡ്മിഷൻ താഴെ പറയുന്ന സമയക്രമത്തിനനുസരിച്ച് ജൂലൈ 26 ന് രാവിലെ ഒമ്പത് മുതൽ സെൻട്രൽ പോളിടെക്നിക് കോളജിൽ നടത്തുന്നു. ഐ.ടി.ഐ ക്യാൻഡിഡേറ്റ്സ് രാവിലെ 9 മണി മുതൽ സ്റ്റേറ്റ് റാങ്ക് 450 വരെ, 10 മണി മുതൽ 451 മുതൽ 1000 വരെ, 10.30ന് 1001 മുതൽ അവസാന റാങ്ക് വരെയും. പ്ലസ് ടു/വിഎച്ച്എസ്ഇ ക്യാൻഡിഡേറ്റ്സ് രാവിലെ 11 മണിക്ക് ധീവര, ലാറ്റിൻ കത്തോലിക്, എസ്.സി, എസ്.ടി വിഭാഗത്തിൽപ്പെട്ട എല്ലാവരും, 11.15 മുതൽ സ്റ്റേറ്റ് റാങ്ക് 1000 വരെ, 12.30ന് 1001 മുതൽ 3000 വരെ, 2.30 ന് റാങ്ക് 3001 മുതൽ 5000 വരെ, 3.15ന് ടെക്സ്റ്റൈൽ ടെക്നോളജി, ഇൻസ്ട്രുമെന്റേഷൻ എൻജിനീയറിംഗ് എന്നീ കോഴ്സുകൾ പഠിക്കാൻ താത്പര്യമുള്ള എല്ലാ വിഭാഗക്കാരും, 3.30ന് സെൽഫ് ഫിനാൻസിങ് കോളജിൽ പഠിക്കാൻ താത്പര്യമുള്ള 5001 മുതൽ അവസാന റാങ്ക് വരെയുള്ളവർ.

## ഡോക്ടറൽ ഫെലോഷിപ്പ്

തിരുവനന്തപുരം: കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിൽ ഡോക്ടറൽ ഫെല്ലോഷിപ്പുകൾക്ക് അപേക്ഷ ക്ഷണിച്ചു. ജൈവവൈവിധ്യ സംരക്ഷണവുമായി ബന്ധപ്പെട്ട ഗവേഷണങ്ങൾക്കാണ് ഫെല്ലോഷിപ്പ്. യു.ജി.സി./ യൂണിവേഴ്സിറ്റി നിഷ്കർഷിച്ച യോഗ്യതകളുള്ളവർക്ക് അപേക്ഷിക്കാം. വിശദവിവരങ്ങൾക്ക് www.keralabiodiver-stiy.org.

# എ ബി സി കേന്ദ്രങ്ങൾ അനിവാര്യം

കൊച്ചി: വർത്തമാന കാല സമൂഹത്തിൽ എ ബി സി കേന്ദ്രങ്ങളുടെ പ്രവർത്തനം അനിവാര്യമാണെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസ് പറഞ്ഞു. ജില്ലാ പഞ്ചായത്തിന്റെ ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി കോലഞ്ചേരിയിൽ ആരംഭിച്ച അനിമൽ ബർത്ത് കൺട്രോൾ കേന്ദ്രത്തിന്റെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. ജനങ്ങളുടെ ആശങ്കകൾ അകറ്റി മാത്രമേ കേന്ദ്രങ്ങൾ ആരംഭിക്കുകയുള്ളുയെന്നും ഒരു വർഷത്തിനുള്ളിൽ ജില്ലയിൽ മുഴുവൻ പ്രദേശങ്ങളിലും എബിസി കേന്ദ്രങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുമെന്നും അദ്ദേഹം പറഞ്ഞു. വടവുകോട്, മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ പഞ്ചായത്തുകളുടെ സാമ്പത്തിക സഹായത്തോടെ കോലഞ്ചേരി മൃഗാശുപത്രിയോട് ചേർന്നാണ് എബിസി കേന്ദ്രം സജ്ജീകരിച്ചിരിക്കുന്നത്.തെരുവു നായ്ക്കളുടെ എണ്ണം നിയന്ത്രിക്കുക, പേവിഷബാധ ഉന്മൂലനം ചെയ്യുക എന്ന ലക്ഷ്യത്തോടെ അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യയുടെ അനുമതിയോടെയാണ് എ. ബി. സി. കേന്ദ്രത്തിന്റെ പ്രവർത്തനം.



വടവുകോട്, മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്തുകളിലെയും മൂവാറ്റുപുഴ നഗരസഭയുടെയും പരിധിയിലെ നായ്ക്കളുടെ വന്ധ്യംകരണം കോലഞ്ചേരി എബിസി കേന്ദ്രത്തിൽ നടക്കും. കേന്ദ്രത്തിൽ ഒരു ഡോക്ടർ, ഓപ്പറേഷൻ തിയേറ്റർ സഹായി, നാല് മൃഗ പരിപാലകർ, ഒരു ക്ലീനിംഗ് തൊഴിലാളി എന്നിവരുടെ സേവനങ്ങൾ ഉണ്ടാകും. രണ്ട് ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഒരു കേന്ദ്രം എന്ന നിലയിലാണ് ജില്ലയിൽ കേന്ദ്രങ്ങൾ ആരംഭിക്കുക.

വടവുകോട് ബ്ലോക്ക് വൈസ് പ്രസിഡന്റ് അനു അച്ചു അധ്യക്ഷത വഹിച്ചു. മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.ജി. രാധാകൃഷ്ണൻ മുഖ്യപ്രഭാഷണം നടത്തി. ജില്ല മൃഗസംരക്ഷണ ഓഫീസർ ഡോ. മറിയമ്മ തോമസ് പദ്ധതി വിശദീകരണം നടത്തി. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത് അംഗങ്ങളായ ഷൈനി വർഗീസ്, ലിസി അലക്സ്, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ ഓമന നന്ദകുമാർ, ടി. ആർ.വിശ്വപ്പൻ, ജില്ലാ പഞ്ചായത്ത് സെക്രട്ടറി പി.ജി .പ്രകാശ്, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരായ എം.ജി.രതി , എസ്. ജ്യോതികുമാർ, പഞ്ചായത്ത് അംഗങ്ങൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.



ഡോ. ഫെസ്സി ലൂവീസ്,വിജു അബ്രാഹം

## സ്ഥാനമേറ്റു

**കൊച്ചി:** റോട്ടറി കൊച്ചിൻ നൈറ്റ്സിന്റെ 21ാമത് പ്രസിഡന്റായി ഡോ. ഫെസ്സി ലൂവീസും സെക്രട്ടറിയായി വിജു അബ്രാഹവും സ്ഥാനമേറ്റു



**ഹിന്ദി സാഹിത്യത്തിൽ ദക്ഷിണ ഭാരത ഹിന്ദി പ്രചാര സഭയിൽ നിന്നും ഡോക്ടറേറ്റ് നേടിയ ശ്രീജ തോമസ് കെ. കളപ്പുരക്കൽ തോമസിന്റെയും റാണിയുടെയും മകളും പനക്കൽ ലെന്നി ആന്റണിയുടെ ഭാര്യയുമാണ്. കുഴിപ്പിളി സെന്റ് അഗസ്റ്റിൻ ജിഎച്ച്എസ് അധ്യാപികയാണ്.**

## സ്പോട്ട് അഡ്മിഷൻ

**കൊച്ചി:** എം.ബി.എ, എം.സി.എ, ബി.സി.എ, ബി.കോം,ബി.ബി.എ, ബി.എ ഇംഗ്ലീഷ്, ബി.എസ്.സി. കംപ്യൂട്ടർ സയൻസ്, സൈക്കോളജി, ഫാഷൻ ഡിസൈൻ, ഫുഡ് ടെക്നോളജി , മൈക്രോബയോളജി , ബി.എസ്.ഡബ്ല്യു , ബി.എ. അനിമേഷൻ എന്നീ കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തുമെന്ന് കെ.എം.എം കോളജ് പ്രിൻസിപ്പാൾ അറിയിച്ചു. എം ജി യൂണിവേഴ്സിറ്റി അഫിലിയേഷനും, എ ഐ സി ടി ഇ അംഗീകാരവുമുള്ള കെ.എം.എം ഗ്രൂപ്പിന്റെ തൃക്കാക്കര,വാഴക്കാല,ആലുവ,കുമ്പളം,പള്ളിക്കര എന്നിവടങ്ങളിലെ കോളജുകളിലാണ് അഡ്മിഷൻ നടത്തുന്നത്.യോഗ്യരായ വിദ്യാർത്ഥികൾക്ക് ജൂലൈ 26,27,28 തീയതികളിൽ സർട്ടിഫിക്കറ്റുകളുമായി കോളജുകളിൽ എത്തി പ്രവേശനം നേടാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 9400939888. വെബ്സൈറ്റ്: www.kmmcolleges.com എന്നിവയിൽ ബന്ധപ്പെടാവുന്നതാണെന്നും പ്രിൻസിപ്പാൾ അറിയിച്ചു.

## ആവശ്യമുണ്ട്

**കൊച്ചി:** ജില്ലാ ഭരണകൂടം അതിഥി വിദ്യാർത്ഥികൾക്കായി ജില്ലയിൽ നടത്തി വരുന്ന റോഷ്നി പദ്ധതിയിൽ ഉൾപ്പെട്ടതും കൊച്ചി കോർപറേഷൻ, തൃപ്പൂണിത്തുറ, തൃക്കാക്കര, കളമശ്ശേരി മുൻസിപാലിറ്റികൾ, വെങ്ങോല, കടുങ്ങല്ലൂർ, വാഴക്കുളം, കിഴക്കമ്പലം, നെല്ലിക്കുഴി പഞ്ചായത്തുകൾ എന്നീ പ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്നതുമായ സർക്കാർ, സർക്കാർ എയ്ഡഡ് പ്രൈമറിസ്കൂളുകളിൽ ഈ അധ്യയന വർഷം ബഹുഭാഷാ വൈദഗ്ധ്യം ഉള്ള 18 വിദ്യാ വൊളന്റിയർമാരെ ആവശ്യമുണ്ട്.പ്ലസ് ടു വിജയിച്ചവരും മലയാള ഭാഷയിലും ഹിന്ദി, ആസാമിസ്, ബംഗാളി, ഒറിയ, തമിഴ്, കന്നഡ മുതലായ ഇന്ത്യൻ ഭാഷകളിലോ അതിൽ ഏതെങ്കിലുമൊരു ഭാഷയിലോ പ്രാവീണ്യവുമാണ് യോഗ്യത.

പ്രൈമറി അധ്യാപക യോഗ്യതയോ അധ്യാപന പരിചയമോ അധിക യോഗ്യതയായി കണക്കാക്കും. പ്രതിമാസം പതിനൊന്നായിരത്തി ഇരുനൂറ്റി അൻപത് രൂപ മാത്രമായിരിക്കും ഓണറേറിയമായി ലഭിക്കുക.ഇത് ഒരു സർക്കാർ നിയമനം അല്ല. താൽപര്യമുള്ളവർ ബയോഡാറ്റ, സർട്ടിഫിക്കറ്റുകളുടെ പകർപ്പ് എന്നിവ സഹിതമുള്ള അപേക്ഷ roshniernakulam@gmail.com എന്ന അഡ്രസ്സിൽ 31.07.2023 വൈകിട്ട് 5 ന് മുൻപായി മെയിൽ ചെയ്യണം. കൂടുതൽ വിവരങ്ങൾക്ക് 9447213916 / 8281634576 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

# മാലിന്യ മുക്ത നവകേരളം സൃഷ്ടിക്കാൻ കുട്ടികൾക്കാകും

**കൊച്ചി:** മാലിന്യമുക്ത നവകേരളം സൃഷ്ടിക്കാൻ കുട്ടികൾക്ക് നൽകുന്ന അവബോധത്തിലൂടെ സാധിക്കുമെന്ന് ജില്ല കളക്ടർ എൻഎസ് കെ ഉമേഷ് പറഞ്ഞു.ഹരിത കേരളം മിഷന്റെ ആഭിമുഖ്യത്തിൽ തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ശുചിത്വോത്സവത്തിന്റെ ജില്ലാതല ഉദ്ഘാടനംതൃക്കാക്കര കളമശ്ശേരിയിലെ തൃക്കാക്കര ഗവ. യു പി സ്കൂളിൽ നിർവഹിച്ചു കൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം.നിങ്ങളാണ് നാളെ ഡോക്ടറായും ടീച്ചറായും കളക്ടറായും നാടിനെ നയിക്കേണ്ടത്.24 വയസിലാണ് മാലിന്യ സംസ്കരണത്തേക്കുറിച്ച് എനിക്ക് പഠിക്കാനായത്.

ഇത് ചെറിയ പ്രായത്തിൽ പഠിക്കാനായാൽ നാട്ടിൽ വലിയ മാറ്റങ്ങൾ ഉണ്ടാക്കാനാകും. മാലിന്യ സംസ്കരണത്തിലും ഹരിത കർമ്മ സേന പ്രവർത്തനത്തിലും കൂത്താട്ടുകുളം നഗരസഭ പ്രവർത്തനങ്ങൾ മാതൃകാപരമാണെന്നും കളക്ടർ പറഞ്ഞു.ഓരോ വിദ്യാലയവും ഹരിത വിദ്യാലയമാക്കുന്നതിന്റെ ഭാഗമായാണ് ജില്ലയിൽ ശുചിത്വോത്സവം സംഘടിപ്പിക്കുന്നത്. നവകേരളം കർമ്മപദ്ധതി, ഹരിതകേരളം മിഷൻ, ജില്ലാ വിദ്യാഭ്യാസ വകുപ്പ്, ശുചിത്വ മിഷൻ, കുടുംബശ്രീ, തദ്ദേശ സ്വയംഭരണ വകുപ്പ്, കേരള



ഖരമാലിന്യ സംസ്കരണ പദ്ധതി, കില എന്നിവയുടെ നേതൃത്വത്തിൽ ജില്ലയിൽ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഹരിത സമൃദ്ധം ഹരിത വിദ്യാലയത്തിലേക്കൊരു ഹരിത ചുവട്. ഇതിന്റെ ഭാഗമായാണ് ശുചിത്വോത്സവം പരിപാടി സംഘടിപ്പിക്കുന്നത്. പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ എൽ പി, യു പി വിഭാഗം കുട്ടികളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.നഗരസഭ അധ്യക്ഷ വിജയ ശിവൻ അധ്യക്ഷയായി. ഉപാധ്യക്ഷൻ സണ്ണി കുര്യാക്കോസ് മുഖ്യ പ്രഭാഷണം നടത്തി. നവകേരളം കർമ്മ പദ്ധതി ജില്ല കോഡിനേറ്റർ എസ് രഞ്ജിനി പദ്ധതി വിശദീകരണം നടത്തി.

സ്ഥിരം സമിതി അധ്യക്ഷരായ ഷിബി ബേബി, മരിയ ഗൊരേത്തി, ജിജി ഷാനവാസ്, അംബിക രാജേന്ദ്രൻ, പ്രിൻസ് പോൾ ജോൺ, കൗൺസിലർമാരായ പി ആർ സന്ധ്യ, സുമ വിശ്വംഭരൻ, അനിൽ കരുണാകരൻ, ലില്ലി സണ്ണി, റോബിൻ വൻനിലം, സിബി കൊട്ടാരം, ടി സി തങ്കച്ചൻ, പി ജി സുനിൽ കുമാർ, റോയി എബ്രാഹം,ജിജോ ടി ബേബി, ഹെഡ്മിസ്ട്രസ് ടി വി മായ, പിടിഎ പ്രസിഡന്റ് മനോജ് കരുണാകരൻ എന്നിവർ സംസാരിച്ചു.ഹരിത കേരളം മിഷൻ റിസോഴ്സ് പേഴ്സൺമാരായ എ എ സുരേഷ്, പാർവതി എസ് കുറുപ്പ്, ജൂലിയ ദേവസ്യ, പി എം മഞ്ജുഷ എന്നിവർ പങ്കെടുത്തു.

# മാലിന്യ സംസ്കരണ പദ്ധതികൾക്ക് ഊന്നൽ നൽകണം

**കൊച്ചി:** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാലിന്യ സംസ്കരണത്തിന് ഊന്നൽ നൽകി വാർഷിക പദ്ധതി ഭേദഗതി വരുത്തി സമർപ്പിക്കണമെന്ന് ജില്ലാ ആസൂത്രണ സമിതിയോഗം നിർദേശിച്ചു. മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി നടത്തിയ ഗ്യാപ് അനാലിസിസ് പ്രകാരം കണ്ടെത്തിയ പോരായ്മകൾ പരിഹരിച്ചാണ് വാർഷിക പദ്ധതി ഭേദഗതി വരുത്തി സമർപ്പിക്കേണ്ടതെന്ന് ആസൂത്രണ സമിതി അധ്യക്ഷനായ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസ് പറഞ്ഞു. ഭേദഗതി വരുത്തിയ പദ്ധതികൾ ജൂലൈ 31 ന് മുൻപായി സമർപ്പിക്കണം.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതിയിൽ ശുചിത്വമാലിന്യ മേഖലയിൽ ഏറ്റെടുക്കേണ്ട പദ്ധതികൾ സംബന്ധിച്ച് കർമ്മപദ്ധ




തി തയ്യാറാക്കാൻ ജൂലൈ 15 ന് ചേർന്ന യോഗത്തിൽ ജില്ലാ തല ഉദ്യോഗസ്ഥർക്ക് നിർദേശം നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നവകേരളം കർമ്മപദ്ധതി, ജനകീയാസൂത്രണം പദ്ധതി എന്നിവയുടെ നേതൃത്വത്തിൽ തയ്യാറാക്കിയ ഗ്യാപ് അനാലിസിസ് പ്രൊജക്ടുകളുടെ വിശദാംശങ്ങൾ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്.

ഗ്യാപ് അനാലിസിസ് റിപ്പോർട്ട് യോഗത്തിൽ അവതരിപ്പിക്കുകയും ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതി വിലയിരുത്തുകയും ചെയ്തു. ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിന് ആവശ്യമായ നടപടികൾ, ജലാശയങ്ങളിലെ ഖര മാലിന്യം നീക്കം ചെയ്ത് നീരൊഴുക്ക് സുഗമമാക്കൽ, അജൈവ മാലിന്യങ്ങളുടെ വാതിൽപ്പടി ശേഖരണം, മഴക്കാല ശുചീകരണ പ്രവർത്തനങ്ങൾ തുടങ്ങിയ വിഷയങ്ങളും യോഗത്തിൽ ചർച്ച ചെയ്തു.

ജില്ലാ ആസൂത്രണ സമിതി ഹാളിൽ ചേർന്ന യോഗത്തിൽ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് സനിതാ റഹീം, തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ പി. എം ഷെഫീഖ്, ജില്ലാ പ്ലാനിംഗ് ഓഫീസർ പി.എ ഫാത്തിമ, ജില്ലാ ആസൂത്രണ സമിതി അംഗങ്ങളായ മനോജ് മൂത്തേടൻ, പി.കെ ചന്ദ്രശേഖരൻ നായർ, ലിസി അലക്സ്, അഡ്വ. കെ. തുളസി, ദീപു കുഞ്ഞുകുട്ടി, ശാരദ മോഹൻ, ഷൈമി വർഗീസ്, എ.എസ് അനിൽ കുമാർ, റീത്താ പോൾ, ജമാൽ മണക്കാടൻ, മേഴ്സി ടീച്ചർ, ജനകീയാസൂത്രണം ജില്ലാ ഫെസിലിറ്റേറ്റർ ജുബൈരിയ ഐസക്, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

# ആർട്ടിഫിഷ്യൽ ഇന്റലിജൻസ് : മേക്കർ റെസിഡൻസി 28 മുതൽ

**കൊച്ചി:**രാജ്യത്ത് സുരക്ഷിതമായും വേഗത്തിലും നീതി ഉറപ്പാക്കുന്നതിൽ ആർട്ടിഫിഷ്യൽ ഇൻറലിജൻസ് (എ.ഐ) പ്രയോജനപ്പെടുത്തുന്നത് ചർച്ച ചെയ്യുന്നതിനായി നിയമ, സാങ്കേതികവിദ്യ മേഖലകളിലെ വിദഗ്ധർ കൈകോർക്കുന്നു. അഭിഭാഷകരുടെയും സാങ്കേതിക വിദഗ്ധരുടെയും സംയുക്ത സംഘടനയായ ഓപ്പൺ എൻ.വൈ.എ.ഐ ടിങ്കർഹബ്ബുമായി സഹകരിച്ചാണ് ജൂലൈ 28 മുതൽ അഞ്ച് ദിവസത്തെ മേക്കർ റെസിഡൻസി കൊച്ചിയിൽ സംഘടിപ്പിക്കുന്നത്.കളമശ്ശേരിയിലെ ടിങ്കർ ഹബിലാണ് പരിപാടി നടക്കുന്നത്. ആഗസ്റ്റ് ഒന്നിന് പരിപാടി സമാപിക്കും. ജൂലായ് 30 തിങ്കളാഴ്ച രാവിലെ പത്ത് മുതൽ നാല് വരെ പൊതുജനങ്ങൾക്ക് സൗജന്യമായി പരിപാടിയിൽ പങ്കെടുക്കാം. മികച്ച ആശയങ്ങളും പ്രൊജക്ടുകളും ലോകോത്തരമായ സദസ്സിനു മുന്നിൽ അവതരിപ്പിക്കാനുള്ള അവസരവുമുണ്ടാകും.ഇന്ത്യ, യുകെ, നെതർലാൻഡ്സ് എന്നിവിടങ്ങളിൽ നിന്നുള്ള നിയമ, സാങ്കേതികവിദ്യ, ഡിസൈൻ, സാമൂഹിക സംരംഭകത്വ മേഖലകളിലെ വിദഗ്ധരും സംരംഭകരും മേക്കർ റെസിഡൻസിയിൽ പങ്കെടുക്കും. എ.ഐയുടെ ഫലപ്രാപ്തി, എ.ഐയിലെ ധാർമ്മികത, പൊതു സംവിധാനങ്ങളിലെ പരിമിതികളും വെല്ലുവിളികളും തുടങ്ങിയ വിഷയങ്ങളിൽ നിയമ, സാങ്കേതിക വിദഗ്ധർ ചർച്ചകൾ നയിക്കും. മേക്കർ റെസിഡൻസിയിൽ പങ്കെടുക്കുന്നവരുടെ ആശയങ്ങളും മാർഗനിർദേശങ്ങളും വിദഗ്ധർ വിലയിരുത്തും.എ.ഐ, നിയമം, നിയമ സാങ്കേതികവിദ്യ, ഡിസൈൻ, സോഷ്യൽ എൻറർപ്രണർഷിപ്പ് എന്നിവയിൽ വിദഗ്ധ സെഷനുകൾ റെസിഡൻസിയിൽ നടക്കും. ഉത്തരവാദിത്തമുള്ള എ.ഐ വികസനം, യു.ഐ/യു.എക്സ് ഡിസൈൻ, ഫൈൻട്യൂണിംഗ് എ.ഐ മോഡലുകൾ, സ്കേലബിലിറ്റി മനസ്സിലാക്കൽ, ഇന്ത്യൻ ഭാഷകളിലൂടെ പ്രവേശനം സാധ്യമാക്കുന്നതിനുള്ള വെല്ലുവിളികൾ എന്നിവ ഉൾപ്പെടെയുള്ള വിഷയങ്ങൾ ഈ സെഷനുകളിൽ ചർച്ച ചെയ്യും.എ.ഐ4ഭാരത്, ഇലക്ട്രോണിക്സ് ആൻഡ് ഐടി മന്ത്രാലയത്തിന്റെ ഭാഷിണി എന്നിവയുടെ പങ്കാളിത്തത്തോടെയുള്ള ഓപ്പൺ എൻവൈഎഐയുടെ പദ്ധതി ഇന്ത്യൻ ഭാഷകളിൽ വിവരങ്ങളും സേവനങ്ങളും പ്രചരിപ്പിക്കുന്നതിനുള്ള ചാറ്റ്ജിപിടിയുടെ മികച്ച സംരംഭങ്ങളിലൊന്നാണെന്ന് മൈക്രോസോഫ്റ്റ് സി.ഇ.ഒ സത്യ നാദെല്ലയും ഓപ്പൺ എ.ഐ സി.ഇ.ഒ സാം ആൾട്ട്മാനും ചൂണ്ടിക്കാട്ടി. ജെ.പി മോർഗൻ എ.ഐ ഡയറക്ടർ ദീപക് പരമാനന്ദ്, മൈക്രോസോഫ്റ്റ് റിസർച്ചിലെ എസ്.ഡി.ഇ സീനിയർ റിസർച്ച് സമീർ സെഗൽ, സീറോധ സി.ടി.ഒ കൈലാഷ് നാഥ്, ട്രൈലീഗൽ പാർട്ണർമാരായ രാഹുൽ മാത്തൻ, നിഖിൽ നരേന്ദ്രൻ, ഉഡാൻ സിടിഒ അമോദ് മാളവ്യ, അശോക സീനിയർ ചേഞ്ച് ലീഡർ ഹനേ ബറൂച്ചൽ, ആസ്പയർ പ്രൊജക്ട് ഡയറക്ടർ ഗോപാൽ ഗാർഗ് എന്നിവർ റെസിഡൻസിയിലെ ചില ശ്രദ്ധേയ ഉപദേഷ്ടാക്കളാണ്.പഞ്ചാബ്ഹരിയാന, മദ്രാസ് ഹൈക്കോടതികളിലെ മുൻ ജഡ്ജി ജസ്റ്റിസ് കണ്ണൻ കൃഷ്ണമൂർത്തി, ആന്ധ്രാപ്രദേശ് സർക്കാർ പ്രതിനിധി ധാത്രി റെഡ്ഡി, ആന്ധ്രാപ്രദേശ് പോലീസ് പ്രതിനിധി കിഷോർ കോമ്മി, വൺ ഫ്യൂച്ചർ കളക്ടീവ്, ലോക്റ്റോപസ്, ഇൻഷുറൻസ് സമാധാൻ, യൂത്ത് കി ആവാസ്, സിറ്റിസൺ ഡിജിറ്റൽ ഫൗണ്ടേഷൻ തുടങ്ങിയ പ്രമുഖ വ്യക്തികളും സംഘടനകളും പരിപാടിയുടെ ഭാഗമാകും. കൂടുതൽ വിവരങ്ങൾ www.makerpsace.opennyai.org യിൽ ലഭ്യമാണ്.

# ഇന്ത്യയിലെ ആദ്യ ഫിഷറീസ് ഇൻക്യൂബേഷൻ സെന്റർ കുഫോസിൽ

**കൊച്ചി:** ഫിഷറീസ് മേഖലയിലെ രാജ്യത്തെ ആദ്യ അടൽ ഇക്യൂബേഷൻ സെന്റർ കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാലയ്ക്ക് (കുഫോസ്) കേന്ദ്ര സർക്കാർ അനുവദിച്ചു. രാജ്യവ്യാപകമായി പുത്തൻ ടെക്നോളജിയും നവീന ആശയങ്ങളും യോജിപ്പിച്ച് അടിസ്ഥാന മേഖലകളിൽ രാജ്യാന്തര നിലവാരത്തിൽ സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾ ആരംഭിക്കാൻ ലക്ഷ്യമിട്ട് നീതി ആയോഗ് നടപ്പിലാക്കുന്ന അടൽ ഇന്നവോഷൻ മിഷനിൽ ഉൾപ്പെടുത്തിയാണ് കുഫോസിന് രാജ്യത്തെ ആദ്യത്തെ ഫിഷറീസ് ഇൻക്യൂബേഷൻ അനുവദിച്ചിരിക്കുന്നത്.ഇതിനായി 10 കോടി രൂപ അടൽ ഇന്നവോഷൻ മിഷൻ കുഫോസിന് നൽകും. കുഫോസിലെ ഫിഷ് പ്രോസസിങ്ങ് വിഭാഗം മേധാവിയായ ഡോ.രാധിക രാജശ്രീ തയ്യാറാക്കിയ പദ്ധതി രേഖക്ക് അടൽ ഇന്നവോഷൻ മിഷൻ വിശദമായ പരിശോധനകൾക്ക് ശേഷം അംഗീകാരം നൽകുകയായിരുന്നു. കുഫോസിന്റെ കീഴിൽ രൂപീകരിക്കുന്ന അടൽ ഇന്നവോഷൻ മിഷൻ കൊച്ചി ഫൗണ്ടേഷന്റെ കീഴിലായിരിക്കും ഫിഷറീസ് ഇൻക്യൂബേഷൻ സെന്റർ പ്രവർത്തിക്കുക.ഫിഷറീസ്അനുബന്ധ മേഖലകളിൽ ദേശീയ തലത്തിൽ കുഫോസ് നടത്തുന്ന പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമാണ് രാജ്യത്തെ ആദ്യത്തെ ഫിഷറീസ് ഇൻക്യൂബേഷൻ സെന്റർ സ്ഥാപിക്കാനായി നീതി ആയോഗ് കുഫോസിനെ തെരഞ്ഞെടുത്തത് എന്ന് വൈസ് ചാൻസലർ ഡോ.ടി.പ്രദീപ് കുമാർ പറഞ്ഞു. ഫിഷറീസ് സമുദ്ര അനുബന്ധ മേഖലകളിൽ സ്റ്റാർട്ടപ്പുകൾ തുടങ്ങാൻ ലക്ഷ്യമിടുന്ന സംരംഭകർക്ക് എല്ലാ വിധ സഹായവും കുഫോസിലെ അടൽ ഇക്യൂബേഷൻ സെന്ററിൽ നിന്ന് ലഭിക്കുമെന്ന് വൈസ് ചാൻസലർ പറഞ്ഞു. മത്സ്യബന്ധന സമൂഹവും തീരദേശ ആവാസ വ്യവസ്ഥയും നേരിടുന്ന നിരവധി പ്രശ്നങ്ങൾ സുസ്ഥിരതയോടെ പരിഹരിക്കാൻ ഉതകുന്ന സ്റ്റാർട്ടപ്പുകൾ കുഫോസ് ഇൻക്യൂബേഷൻ സെന്ററിൽ രൂപം കൊള്ളുമെന്നാണ് പ്രതീക്ഷയെന്നും വൈസ് ചാൻസലർ പറഞ്ഞു.

# കളമശ്ശേരിയിൽ ഇനി കാർഷികോത്സവത്തിന്റെ നാളുകൾ

**കൊച്ചി:** സമഗ്ര കാർഷിക വികസന പദ്ധതിയായ കൃഷിക്കൊപ്പം കളമശ്ശേരിയുടെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്താൻ കളമശ്ശേരിയിൽ കാർഷികോത്സവം സംഘടിപ്പിക്കുന്നു. ആഗസ്റ്റ് 24 മുതൽ 28 വരെ കുസാറ്റ് ഓപ്പൺ എയർ ഓഡിറ്റോറിയത്തിൽ സംഘടിപ്പിക്കുന്ന മേളയിൽ പ്രാദേശിക കാർഷിക ഉത്പന്നങ്ങളുടെ പ്രദർശനവും വിപണനവും ആരോഗ്യദായക സമീകൃത ഭക്ഷ്യമേളയും ഉാകും. കുടുംബശ്രീ അംഗങ്ങളും കർഷകരും നയിക്കുന്ന ഭക്ഷ്യമേളയിൽ പ്രമുഖ പാചക വിദഗ്ധരുടെ രുചിക്കൂട്ടുകളും സന്ദർശകരുടെ മനംകവരും.ഫലം, പച്ചക്കറി, നെൽകൃഷി, ക്ഷീര കർഷകർ, മുട്ടക്കോഴി, പക്ഷി വളർത്തൽ, മത്സ്യകൃഷി തുടങ്ങി മണ്ഡലത്തിലെ വിവിധ മേഖലയിലെ കർഷകരെ ഏകോപിപ്പിക്കുകയും ശക്തിപ്പെടുത്തുകയുമാണ് കാർഷികോത്സവത്തിലൂടെ ലക്ഷ്യമിടുന്നത്. കൃഷി ചെയ്തെടുക്കുന്ന ഉൽപ്പന്നങ്ങൾ ഗുണമേന്മയ്ക്ക് അനുസരിച്ച് വിറ്റഴിക്കുന്നതിനുള്ള സാധ്യതകളാണ് മേളയിലൂടെ വഴി തുറക്കുന്നത്.സഹകരണ ബാങ്കുകൾ, കൃഷി സംഘടനകൾ, ക്ഷീര സംഘങ്ങൾ എന്നിവയിലെ അംഗങ്ങൾക്കും ഇറിഗേഷൻ, വ്യവസായം തുടങ്ങി ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കും നേതൃത്വ പരിശീലന ക്യാമ്പും കർഷകരുടെ സംഗമവും കാർഷികോത്സവത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്നു. 60ൽ പരം സ്റ്റാളുകളാണ് മേളയിൽ സന്ദർശകർക്കായി ഒരുക്കുന്നത്.

## സീമാറ്റ്സ് എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് കെ.എ.എ.ആർ ടെക്നോളജീസിൽ ഇന്റേൺഷിപ്പ്

**ചെന്നൈ:** സീമാറ്റ്സ് എഞ്ചിനീയറിംഗിന്റെ മൂന്നാം വർഷ വിദ്യാർത്ഥികൾക്ക് കെ എ എ ആർ ടെക്നോളജീസിൽ പെയ്ഡ് ഇന്റേൺഷിപ്പ്. ഈ അവസരം പരമാവധി പ്രയോജനപ്പെടുത്താനും പ്രൊഫഷണൽ കരിയറിൽ വിദ്യാർത്ഥികൾക്ക്മികവ് പുലർത്താനും സാധിക്കട്ടെ എന്ന് സീമാറ്റ്സ് യൂണിവേഴ്സിറ്റി ചാൻസലർ പറഞ്ഞു. പ്രമുഖ ആഗോള ഐടി കൺസൾട്ടിംഗ് സ്ഥാപനമായ കെ എ എ ആർ ടെക്നോളജീസ് ഇന്റേൺഷിപ്പ് വിദ്യാർത്ഥികൾക്ക് വ്യവസായ എക്സ്പോഷർ നേടുന്നതിനും അവരുടെ സാങ്കേതിക വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കുന്നതിനും പരിചയസമ്പന്നരായ പ്രൊഫഷണലുകളുടെ മാർഗ്ഗനിർദ്ദേശത്തിൽ നേടുന്നതിനും മികച്ച ഒരു പ്ലാറ്റ്ഫോമാണ് വാഗ്ദാനം ചെയ്യുന്നതെന്നും ബന്ധപ്പെട്ട അധികൃതർ വ്യക്തമാക്കി.

## കുടിശ്ശിക അദാലത്ത്

**കൊച്ചി:** കേരള ഷോപ്പ്സ് ആൻറ് കൊമേർഷ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത ശേഷം നാളിതുവരെ അംശാദായം ഒന്നും തന്നെ അടക്കാത്ത സ്ഥാപനങ്ങൾക്കായി അസിസ്റ്റന്റ് ലേബർ ഓഫീസ് തലത്തിൽ കുടിശ്ശിക നിവാരണ അദാലത്ത് സംഘടിപ്പിക്കുവാൻ ബോർഡ് നിശ്ചയിച്ചു. അതിൽ പ്രകാരം ജില്ലയിൽ ആലുവ അസിസ്റ്റന്റ് ലേബർ ഓഫീസിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങൾ 25 ന് കേരള ഹോട്ടൽ ആന്റ് റസ്റ്ററന്റ് അസോസിയേഷൻ ഹാൾ റയിൽവേ സ്റ്റേഷൻ ജംഗ്ഷൻ, ആലുവയിൽ കുടിശ്ശിക അദാലത്ത് നടത്തുന്നു. സമയം. രാവിലെ 10.30 മുതൽ 03.30 വരെ . കൂടുതൽ വിവരങ്ങൾക്ക് ഫോൺ 04842341677

## പട്ടിക വർഗ വിദ്യാർത്ഥികൾക്ക് പ്രോത്സാഹന സമ്മാനം

**കൊച്ചി:** 2022-23 അധ്യയന വർഷം ജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും എസ്.എസ്.എൽ.സി/പ്ലസ് ടു / ഡിഗ്രി/പിജി/പ്രൊഫഷണൽ ഡിഗ്രി പരീക്ഷകളിൽ ആദ്യ ചാൻസിൽ ഉന്നതവിജയം നേടി പാസായ പട്ടികവർഗ വിദ്യാർത്ഥികളിൽ നിന്നും പ്രോത്സാഹന അവാർഡിനുള്ള അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ ഏറ്റവും കുറഞ്ഞത് എസ്.എസ്.എൽ.സി 6 ബി, 4സി, ഗ്രേഡുകൾ, സി ബി എസ്. സി 3 ബി, 2 സി. പ്ലസ് ടു 4 ബി, 2സി. ഡിഗ്രി ഫസ്റ്റ് ക്ലാസ് , പിജി ഫസ്റ്റ് ക്ലാസ് ഗ്രേ!ഡുകൾ ലഭിച്ചിരിക്കണം. അപേക്ഷകൻറെ പേര്, മേൽവിലാസം, ജില്ല, പഠിച്ചിരുന്ന സ്ഥാപനം, പാസായ പരീക്ഷ, രജിസ്റ്റർ നമ്പർ, നേടിയ മാർക്ക്/ഗ്രേഡ്, ഫോൺ നമ്പർ എന്നിവ ഉൾക്കൊള്ളിച്ച് വെള്ളക്കടലാസിൽ തയാറാക്കിയ അപേക്ഷകൾ ജാതി സർട്ടിഫിക്കറ്റ് എസ്.എസ്.എൽ.സി/പ്ലസ് ടു /ഡിഗ്രി/പിജി എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, വിദ്യാർത്ഥിയുടെ പേരിലുള്ള ബാങ്ക് അക്കൗൻറെ പാസ് ബുക്കിൻറെ ആദ്യത്തെ പേജിൻറെ പകർപ്പ് എന്നിവ സഹിതം ജൂലൈ 30 ന് മുമ്പ് ട്രൈബൽ ഡവലപ്മെൻറ് ഓഫീസ്, മിനി സിവിൽ സ്റ്റേഷൻ, മുടവൂർ പി.ഒ, മൂവാറ്റുപുഴ 686669 എന്ന വിലാസത്തിൽ ലഭിച്ചിരിക്കണം. കൂടുതൽ വിവരങ്ങൾ ആലുവ/ഇടമലയാർ ട്രൈബൽ ഡവലപ്മെൻറ് ഓഫീസ്, മൂവാറ്റുപുഴ എന്നിവിടങ്ങളിൽ നിന്നും ലഭിക്കും. ഫോൺ:04852814957, 2970337)

## ഇ ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** എറണാകുളം ജനറൽ ആശുപത്രിയിലെ വിവിധ വിഭാഗങ്ങളിലേക്ക് ആവശ്യമായ വാട്ടർ ഡിസ്പെൻസിങ് യൂണിറ്റുകൾ വാട്ടർ പ്യൂരിഫയർ എന്നിവ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കി നൽകുന്നതിനായി പ്രസ്തുത മേഖലയിൽ അംഗീകൃത രജിസ്ട്രേഷനും പ്രവൃത്തി പരിചയമുള്ള വ്യക്തികളിൽ/ സ്ഥാപനങ്ങളിൽ നിന്നും www.etenders.kerala.gov.in വെബ്സൈറ്റ് മുഖേന മത്സരാധിഷ്ഠിത ഇ ടെൻഡറുകൾ ക്ഷണിച്ചു. ടെൻഡർ സമർപ്പിക്കേ അവസാന തീയതി ആഗസ്റ്റ് 9 ന് വൈകിട്ട് 5 വരെ നൽകാം.

## ഇ ടെൻഡർ

**കൊച്ചി:** കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് 202324 വാർഷിക പദ്ധതിയിലെ അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായ വിവിധ പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ ടെൻഡർ നടപടികളുടെ വിശദവിവരങ്ങൾ www.lsg.kerala.gov.in, www.etenders.kerala.gov.in എന്നീ വെബ് സൈറ്റുകളിലും, പ്രവൃത്തി ദിവസങ്ങളിൽ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ കാര്യാലയത്തിൽ നിന്നും, അറിയാം.

# ഐസിഐസിഐ പ്രുപ്രൊട്ടക്ട് എൻ ഗെയിൻ അവതരിപ്പിച്ചു

**കൊച്ചി:** ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് സമഗ്ര ലൈഫ് പരിരക്ഷ നൽകുന്നതും അപകട മരണത്തിനും അപകടത്തിലൂടെയുള്ള സ്ഥിരം വൈകല്യങ്ങൾക്കും എതിരെ പരിരക്ഷ നൽകുന്നതുമായ നവീന പദ്ധതിയായ ഐസിഐസിഐ പ്രു പ്രൊട്ടക്ട് എൻ ഗെയിൻ പുറത്തിറക്കി. ദീർഘകാല സമ്പത്തു സൃഷ്ടിക്കാനും സാമ്പത്തിക ലക്ഷ്യങ്ങൾ നേടാനും സഹായിക്കുന്ന വിപണി ബന്ധിത വരുമാനം ലഭ്യമാക്കുന്ന പദ്ധതിയാണിതെന്ന് ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് ചീഫ് ഡിസ്ട്രിബ്യൂഷൻ ഓഫീസർ അമിത് പാൽട പറഞ്ഞു.വാർഷിക പ്രീമിയത്തിന്റെ 100 ശതമാനം വരെ പരിരക്ഷ നൽകുന്ന പദ്ധതിയാണിത്. ഓഹരി, കടപത്ര വിഭാഗങ്ങളിലായുള്ള 18 വിഭാഗങ്ങളിൽ നിന്നു തെരഞ്ഞെടുപ്പു നടത്തി വരുമാനം വർധിപ്പിക്കാനുള്ള അവസരവും ഇത് ഉപഭോക്താക്കൾക്കു നൽകുന്നു. ദീർഘകാല സമ്പാദ്യവും പരിരക്ഷയും സംയോജിപ്പിച്ച് സമ്പൂർണ സാമ്പത്തിക പരിരക്ഷ ലഭ്യമാക്കി സാമ്പത്തിക ലക്ഷ്യങ്ങൾ നേടാൻ ഇതു സഹായിക്കും. പോളിസി കാലയളവിൽ കുടുംബത്തിനു സമ്പൂർണ സാമ്പത്തിക പരിരക്ഷയും കാലാവധിക്കു ശേഷം ഉപഭോക്താവിന് ഗണ്യമായ ഒറ്റത്തുകയും നൽകും.ഇതിനു പുറമെ പോളിസി വാങ്ങുന്ന പ്രക്രിയയും കമ്പനി ലളിതമാക്കിയിട്ടു. ഇതനുസരിച്ച് ഡിക്ലയർ ചെയ്യുന്ന വരുമാനത്തിൻറെ അടിസ്ഥാനത്തിൽ പോളിസികൾ നൽകാനാവും. പ്രത്യേകിച്ച് 45 വയസിനു താഴെയുള്ള ഉപഭോക്താക്കൾ വൈദ്യ പരിശോധന ആവശ്യമില്ല.വാർഷിക പ്രീമിയത്തിൻറെ 100 മടങ്ങു വരെ ലൈഫ് പരിരക്ഷ നൽകുന്ന നവീന പദ്ധതിയായ ഐസിഐസിഐ പ്രു പ്രൊട്ടക്ട് എൻ ഗെയിൻ അവതരിപ്പിക്കുന്നതിൽ തങ്ങൾക്ക് സന്തോഷമുണ്ടെന്നും അമിത് പാൽട പറഞ്ഞു.

## നാഷണൽ ആർട്ട് റസിഡൻസി പ്രോഗ്രാം

**കൊച്ചി:** സർഗ്ഗാത്മക പ്രവർത്തനങ്ങളുടെ ശാക്തീകരണത്തിന്റെ ഭാഗമായാണ് കേരള ലളിതകലാ അക്കാദമി ആർട്ട് റസിഡൻസി പ്രോഗ്രാമുകൾ സംഘടിപ്പിക്കുന്നത്. കലാകാരരുടെ വിവിധ രീതിയിലുള്ള കലാ പ്രവർത്തനങ്ങളെ ഉത്തേജിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും അവരുടെ കലാപരമായ വികാസത്തെ പ്രാദേശികവും ആഗോള കലാലോകവുമായി ബന്ധിപ്പിക്കുന്നതും ആശയവിനിമയത്തിനും കലാപ്രവർത്തനത്തിനും ഉതകുന്ന രീതിയിൽ വിന്യസിപ്പിച്ച് സൗകര്യങ്ങൾ ഒരുക്കുകയുമാണ് ആർട്ട് റസിഡൻസി പ്രോഗ്രാമുകളിലൂടെ. ആർട്ടിസ്റ്റ് റസിഡൻസി, കലാകാരരുടെ പ്രവർത്തനവും താമസസ്ഥല സൗകര്യവും ചേർന്ന ഒരിടമാണ്. കലാകാരർക്കും മറ്റു സർഗ്ഗാത്മക പ്രൊഫഷണലുകൾക്കും തങ്ങളുടെ പ്രവർത്തനമേഖലയിൽ വ്യക്തിഗതമായോ, കൂട്ടായോ പ്രവർത്തിക്കാൻ സാധിക്കുന്നു.'നാഷണൽ ആർട്ട് റസിഡൻസി' പ്രോഗ്രാമിന്റെ ഉദ്ഘാടനം കണ്ണൂർ കാക്കണ്ണൻപാറ കെ.ജി.എസ്. കലാഗ്രാമത്തിൽ 2023 ജൂലായ് 26 വൈകുന്നേരം 5 മണിക്ക് വഡോദര എം.എസ്. യൂണിവേഴ്‌സിറ്റി ആർട്ട് ഹിസ്റ്ററി ഡിപ്പാർട്ട്മെന്റ് എച്ച്.ഒ.ഡി. ഡോ. ജയറാം പൊതുവാൾ നിർവ്വഹിക്കും. കേരള ലളിതകലാ അക്കാദമി ചെയർപേഴ്‌സൺ മുരളി ചീരോത്ത് അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ശ്രീകണ്ഠാപുരം മുനിസിപ്പൽ ചെയർപേഴ്‌സൺ കെ.പി.ഫിലോമിന മുഖ്യാതിഥിയായും പങ്കെടുക്കും. കേരള ലളിതകലാ അക്കാദമി വൈസ് ചെയർപേഴ്‌സൺ എബി എൻ. ജോസഫ് മുഖ്യപ്രസംഗം നടത്തും. മനോജ് ഉണ്ണികൃഷ്ണൻ ശർമ്മ, ബിനീഷ് നാരായണൻ, ജിതിൻ ടി. ജോയ്, പൂജ സർക്കാർ എന്നിവർ പങ്കെടുക്കുന്ന റസിഡൻസി പ്രോഗ്രാം ആഗസ്റ്റ് 25ന് സമാപിക്കും.

## തൊഴിലവസരങ്ങൾക്ക് വഴിയൊരുക്കി വി–അപ്ന സഹകരണം

**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ ടെലികോം ഓപ്പറേറ്ററായ വി, ഇന്ത്യയിലെ ഏറ്റവും വലിയ ജോബ് സെർച്ച് പ്ലാറ്റ്‌ഫോമായ അപ്നയുമായി സഹകരിച്ച് ഇന്ത്യയിലെ യുവാക്കൾക്കായി യുണൈറ്റഡ് അറബ് എമിറേറ്റ്സ് (യുഎഇ) ജപ്പാൻ മലേഷ്യ റഷ്യ ജർമനി ദക്ഷിണാഫ്രിക്ക ഓസ്‌ട്രേലിയ കാനഡ യുണൈറ്റഡ് കിങ്ഡം (യുകെ) തുടങ്ങിയ രാജ്യങ്ങളിലുടനീളം പതിനായിരത്തിലധികം അന്താരാഷ്ട്ര തൊഴിലവസരങ്ങൾക്ക് വഴിയൊരുക്കുന്നു. വി ആപ്പിലെ ജോബ്സ് ആൻഡ് എജ്യൂക്കേഷൻ പ്ലാറ്റ്‌ഫോമിലൂടെയാണ് ഉപഭോക്താക്കൾക്ക് അന്താരാഷ്ട്ര തൊഴിലവസരങ്ങൾ കണ്ടെത്താനാവുക. വിദ്യാഭ്യാസ യോഗ്യതക്ക് പുറമെ തൊഴിൽ വൈദഗ്ധ്യവും ഇന്ത്യയിൽ ഇതേ മേഖലയിൽ മുൻകൂർ പ്രവൃത്തി പരിചയവും നിർബന്ധമാണ്. https://bit.ly/3RgRrQj എന്ന ലിങ്ക് വഴി തികച്ചും സൗജന്യമായി വി ഉപഭോക്താക്കൾക്ക് ഇപ്പോൾ അപേക്ഷിക്കാമെന്ന് വി അധികൃതർ അറിയിച്ചു

# രാജ്യത്തെ ആദ്യത്തെ കൺസ്ട്രക്ഷൻ ഇനോവേഷൻ ഹബ് കേരളത്തിൽ

**കൊച്ചി:** ചെലവ് കുറഞ്ഞതും സുസ്ഥിരവുമായ നിർമ്മാണ രീതികൾ പ്രോത്സാഹിപ്പിക്കുന്നതിൻറെ ഭാഗമായി രൂപീകരിച്ച രാജ്യത്തെ ആദ്യത്തെ കൺസ്ട്രക്ഷൻ ഇനോവേഷൻ ഹബ്(സിഐഎച്ച്) സംസ്ഥാനത്ത് തുടങ്ങും. നൂതനത്വം, പങ്കാളിത്തം, വിജ്ഞാനസഹകരണം എന്നിവയാണ് ഇതിന്റെ ലക്ഷ്യം. ചെന്നൈയിൽ നടന്ന ഷെൽട്ടർടെക് ഉച്ചകോടിയിൽ സിഐഎച്ചിന്റെ പ്രവർത്തനം ആരംഭിച്ചു.കേരള സ്റ്റാർട്ടപ്പ് മിഷനായിരിക്കും സിഐഎച്ചിന്റെ ചുമതല. രാജ്യത്തുടനീളമുള്ള നിർമ്മാണ രംഗത്തെ ശൈശവ ദശയിലുള്ള നൂതന സ്റ്റാർട്ടപ്പുകളെ കണ്ടെത്തുക, അവർക്ക് ചെലവുകുറഞ്ഞ നിർമ്മാണ രീതികളെക്കുറിച്ചുള്ള വിദഗ്ധോപദേശം നൽകുക, സമാനവ്യവസായത്തിലെ വിദഗ്ധരുമായി ആശയവിനിമയം സംഘടിപ്പിക്കുക എന്നിവയ്ക്കൊപ്പം പദ്ധതി രൂപീകരണവും, നടപ്പാക്കലും കെഎസ് യുഎം ചെയ്യും. ചെലവ് കുറഞ്ഞ നിർമ്മാണ രീതികൾ പ്രചരിപ്പിക്കുന്ന അമേരിക്കൻ സ്ഥാപനമായ ഹാബിറ്റാറ്റ് ഫോർ ഹ്യൂമാനിറ്റി ഇന്ത്യയുമായി ചേർന്നാണ് സിഐഎച്ച് സ്ഥാപിക്കുന്നത്. കൊച്ചിയിലായിരിക്കും സിഐഎച്ചിന്റെ പ്രവർത്തന കേന്ദ്രം.നിർമ്മാണ മേഖലയിലെ ആഗോള വിജ്ഞാനം സ്വരൂപിക്കാൻ സിഐഎച്ചിന് സാധിക്കുമെന്ന് കെഎസ് യുഎം സിഇഒ അനൂപ് അംബിക പറഞ്ഞു. ചെന്നൈയിൽ സിഐഎച്ചിൻറെ പ്രവർത്തനം തുടങ്ങുന്ന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. അടിസ്ഥാന സൗകര്യ വികസന നിർമ്മാണ പ്രവർത്തനങ്ങളിലെ ചെലവ്, ഗുണമേന്മ, സമയബന്ധിത മാർഗങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവിധ അറിവുകൾ മനസിലാക്കാനാകും. ദക്ഷിണ പൂർവേഷ്യൻ രാജ്യങ്ങളിലെ ദ്രുതഗതിയിലുള്ള വികസന പ്രവർത്തനത്തിലുള്ള ഹാബിറ്റാറ്റിൻറെ പങ്ക് അനൂപ് അംബിക ചൂണ്ടിക്കാട്ടി.ഷെൽട്ടർ ടെക്നോളജിയാണ് ഹാബിറ്റാറ്റും സിഐഎച്ചും പ്രധാനമായി ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. കെഎസ് യുഎമ്മിൻറെ സാങ്കേതിക പ്രവർത്തനങ്ങളെ ത്വരിതപ്പെടുത്തുന്നതാണ് ഈ സഹകരണമെന്നും അദ്ദേഹം പറഞ്ഞു.ഇന്ത്യയിലൊട്ടാകെയുള്ള സ്റ്റാർട്ടപ്പുകൾക്ക് സിഐഎച്ചിൻറെ സേവനം ലഭ്യമാക്കും. തുടക്കത്തിൽ വെർച്വലായാണ് സിഐഎച്ച് പ്രവർത്തിക്കുന്നത്. സിഐഎച്ചിൻറെ ഭരണപരമായ പ്രവർത്തനങ്ങൾ പൂർണമായും കെഎസ് യുഎം നിർവഹിക്കും. സിഐഎച്ച് സേവനങ്ങൾ ആഗ്രഹിക്കുന്നവർക്കായി പ്രത്യേക പരിപാടികൾ, മാർക്കറ്റിംഗ്, പ്രചാരണ പ്രവർത്തനങ്ങൾ എന്നിവ കളമശേരിയിലെ ടെക്നോളജി ഇനോവേഷൻ സോണിൽ സംഘടിപ്പിക്കും. ഇനോവേഷൻ ലാബിൻറെ ഡിജിറ്റൽ പ്ലാറ്റ്ഫോം രൂപീകരണം, വിവിധ സർക്കാർ വകുപ്പുകളും വ്യവസായ സമൂഹവുമായുള്ള ഏകോപനം, ചെലവ് കുറഞ്ഞ ഭവനങ്ങൾക്കായുള്ള പൈലറ്റ് പദ്ധതികളെ കണ്ടെത്തൽ, ധനസ്ഥിതി, സ്റ്റാർട്ടപ്പുകൾക്കുള്ള സഹായം എന്നിവ കെഎസ് യുഎമ്മിന് കീഴിലാകും.സ്റ്റാർട്ടപ്പുകൾ, വിദ്യാർത്ഥികൾ, എംഎസ്എംഇ എന്നിവയ്ക്കുള്ള അപേക്ഷ ക്ഷണിക്കാനും അത് വിലയിരുത്തി പ്രാഥമികമായ തെരഞ്ഞെടുപ്പ് നടത്തുന്നതും കെഎസ് യുഎം ആയിരിക്കും. റോഡ് ഷോകൾ, റിവേഴ്സ് പിച്ച് എന്നിവയിലൂടെ രാജ്യത്തെ ഏറ്റവും മികച്ച സ്റ്റാർട്ടപ്പുകളെത്തന്നെ ഈ പരിപാടിയിൽ ഉൾപ്പെടുത്തും. മികച്ച വ്യവസായ പങ്കാളികളെ ഉൾപ്പെടുത്തി പ്രത്യേക ഉപദേശക സമിതി രൂപീകരിക്കും. കോളേജ് വിദ്യാർത്ഥികൾക്കിടയിൽ ഷെൽട്ടർ നിർമ്മാണവുമായി ബന്ധപ്പെട്ട മത്സരങ്ങളും ചലഞ്ചും സംഘടിപ്പിക്കുകയും ചെയ്യും.അടുത്ത നൂറു കോടി ഭവനങ്ങൾക്കായുള്ള നൂതനത്വം, ആവാസവ്യവസ്ഥയുടെ രൂപീകരണം, ഹരിത നിർമ്മാണത്തിൻറെ ഭാവി തുടങ്ങിയ വിഷയങ്ങളിലാണ് ഷെൽട്ടർടെക് ഉച്ചകോടിയിൽ സെഷനുകൾ നടന്നത്. വിൽഗ്രോ ഇനോവേഷൻ ഫൗണ്ടേഷൻറെ ഡെമോ ഡേയും ഉണ്ടായിരുന്നു.




# ആദ്യ പാദത്തിൽ റെക്കോർഡ് വിൽപ്പനയുമായി ജെഎൽആർ ഇന്ത്യ

**കൊച്ചി:** നടപ്പ് സാമ്പത്തിക വർഷത്തിന്റെ ആദ്യപാദം റെക്കോർഡ് വിൽപ്പനയുമായി ജെഎൽആർ. 102 ശതമാനംവളർച്ചയോടെയാണ് കഴിഞ്ഞ സാമ്പത്തിക വർഷത്തേക്കാൾഇത്തവണ ജെഎൽആർ മികച്ച പ്രകടനം കാഴ്ചവെച്ചത്. 1048 യൂണിറ്റുകളുടെ വിൽപ്പനയാണ് ആദ്യപാദത്തിൽ മാത്രം നടന്നത്.റേഞ്ച് റോവർ, റേഞ്ച് റോവർ സ്പോർട്, ഡിഫൻഡർഎന്നിവയുടെ വിൽപനയിൽ 209 ശതമാനം വളർച്ച നേടിയാണ്കമ്പനി റെക്കോർഡ് നേട്ടം സാധ്യമാക്കിയത്. നിലവിലെ ഓർഡർ ബുക്കിന്റെ 78 ശതമാനവും മേൽപറഞ്ഞ മോഡലുകളാണെന്നത് ഈമൂന്ന് മോഡലുകളുടെ സ്വീകാര്യത വ്യക്തമാക്കുന്നു.ജെഎൽആർ ബ്രാൻഡുകളുടെയും അവയുടെ ആധുനിക ആഡംബരവാഹനങ്ങളുടെയും മികവ് വ്യക്തമാക്കുന്നതാണ് ഈ നേട്ടമെന്ന്ജെഎൽആർ ഇന്ത്യ, മാനേജിംഗ് ഡയറക്ടർ രാജൻ അംബ പറഞ്ഞു. സാമ്പത്തിക വർഷത്തിലെ ഒന്നാം പാദത്തിൽ ജെഎൽആർ ഇന്ത്യറെക്കോർഡ് വിൽപന നടത്തി. ഈ പ്രകടനം ജെഎൽആർബ്രാൻഡുകളുടെ അസാധാരണമായ പങ്കാളത്തവും ആധുനികആഡംബര വാഹനങ്ങളുടെ ഞങ്ങളുടെ ക്ലാസ്ലീഡിംഗ്ശേഖരത്തിന്റെയും സാക്ഷ്യമാണ്. ഞങ്ങളുടെ ഉപഭോക്താക്കളുടെവർദ്ധിച്ചുവരുന്ന ഡിമാൻഡിന്റെ പിൻബലത്തിൽ, ഓർഡർ ബുക്ക് വളരുന്നതും തുടരുന്നു. ഇന്ത്യയിലെ ഞങ്ങളുടെ കുതിപ്പിൽആവേശവും ആത്മവിശ്വാസവുമുണ്ട്. അദ്ദേഹം പറഞ്ഞു.ഏറ്റവും മികച്ച ആധുനിക ആഡംബര വാഹനങ്ങളുടെ അഭിമാനനിർമാതാക്കൾ എന്ന നിലയിൽ എല്ലാ ഭൂപ്രദേശങ്ങളിലുംഉപയോഗിക്കാൻ സാധിക്കുന്ന ശേഷിയും വ്യതിരിക്തമായരൂപകൽപ്പനയും ലോകോത്തര സുരക്ഷാ മാനദണ്ഡങ്ങളുംസ്വീകരിച്ചുകൊണ്ട് തങ്ങൾ വളർച്ച തുടരുന്നുവെന്നും അദ്ദേഹംകൂട്ടിച്ചേർത്തു.2023 സാമ്പത്തിക വർഷത്തിന്റെ രണ്ടാം പകുതിയിൽ ന്യൂ റേഞ്ച്റോവറിന്റെയും ന്യൂ റേഞ്ച് റോവർ സ്പോർട്ടിന്റെയുംവിജയകരമായ ലോഞ്ചും ഡിഫൻഡറിന് ലഭിച്ച മികച്ചപ്രതികരണവും നടപ്പ് സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽതന്നെ കഴിഞ്ഞ വർഷത്തേക്കാൾ 88 ശതമാനം വളർച്ചയ്ക്ക്കാരണമായി. അടുത്ത ആറ് മാസത്തേക്കുള്ളത് നിലവിലത്തെഓർഡർ ബുക്കിൽ ഉൾകൊള്ളുന്നു. മാസംതോറും ഇതിൽ സ്ഥിരമായ വർധനവും വ്യക്തമാണ്.ജെഎൽആർ സർട്ടിഫൈഡ് പ്രീഓൺഡ് ബിസിനസ്സ് 2024സാമ്പത്തിക വർഷത്തിൽ നറെ ആദ്യ പാദത്തിൽ 137 ശതമാനംവളർച്ചയും കൈവരിച്ചു. ഇത് ഇന്ത്യയിലെ ജെഎൽആർബ്രാൻഡുകളുടെ വർദ്ധിച്ചുവരുന്ന ഡിമാൻഡും ഇക്വിറ്റിയുംവ്യക്തമാക്കുന്നു. ഈ വർഷം ഉൽപ്പന്ന സംരംഭങ്ങളുടെശ്രദ്ധേയമായ ഒരു നിരയും കമ്പനിയ്ക്കുണ്ട്. റേഞ്ച് റോവർവെലാറിന്റെ റിലീസാണ് ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത്.വാഹനത്തിന്റെ ബുക്കിംഗ് അടുത്തിടെ ആരംഭിച്ചിരുന്നു.



# ടാറ്റ മോട്ടോഴ്സിന്റെ വെഹിക്കിൾ സ്ക്രാപ്പിംഗ് കേന്ദ്രം പ്രവർത്തനം ആരംഭിച്ചു



**ഭുവനേശ്വർ:** ടാറ്റ മോട്ടോഴ്സിന്റെ രാജ്യത്തെ രാമത്തെ രജിസ്റ്റേർട് വെഹിക്കിൾ സ്ക്രാപ്പിംഗ് ഫെസിലിറ്റി (ആർവിഎസ്എഫ്) ഭുവനേശ്വറിൽ പ്രവർത്തനം ആരംഭിച്ചു. 'റീസൈക്കിൾ വിത്ത് റെസ്പെക്ട്' (Re.Wi.Re) എന്ന് പേരിട്ടിരിക്കുന്ന സ്ക്രാപ്പിംഗ് കേന്ദ്രത്തിൽ അത്യാധുനിക പരിസ്ഥിതി സൗഹൃദ പ്രക്രിയകളിലൂടെയാണ് വാഹനങ്ങൾ പൊളിക്കുന്നത്. പ്രതിവർഷം പതിനായിരം വാഹനങ്ങൾ വരെ ഉൾകൊള്ളൻ സാധിക്കുന്ന കേന്ദ്രം ഒഡിഷ ജലവിഭവ, വാണിജ്യ, ഗതാഗത വകുപ്പ് മന്ത്രി ടുകുനി സഹു ഉദ്ഘാടനം ചെയ്തു. എംപ്രിയോ പ്രീമിയം പങ്കാളികളായി ടാറ്റ മോട്ടോഴ്സ് തന്നെ വികസിപ്പിച്ചെടുത്ത് പ്രവർത്തിപ്പിക്കുന്ന രജിസ്റ്റേർട് വെഹിക്കിൾ സ്ക്രാപ്പിംഗ് ഫെസിലിറ്റിയിൽ എല്ലാ ബ്രാൻഡുകളുടെയും എൻഡ്ഓഫ്ലൈഫ് യാത്ര, വാണിജ്യ വാഹനങ്ങൾ സ്ക്രാപ്പ് ചെയ്യാൻ സാധിക്കും. കമ്പനിയുടെ സുസ്ഥിത സംരംഭങ്ങൾ കൂടുതൽ ശക്തമാക്കികൊാണ് രാജസ്ഥാനിലെ ജയ്പൂരിന് പിന്നാലെ ഭുവനേശ്വറിലും പുതിയ കേന്ദ്രം പ്രവർത്തനം ആരംഭിച്ചിരിക്കുന്നത്. സുസ്ഥിര വികസനത്തിനായുള്ള ശ്രമങ്ങളിലെ ഒരു സുപ്രധാന നാഴികകല്ല് അടയാളപ്പെടുത്തിയിരിക്കുകയാണെന്ന് രജിസ്റ്റേർട് വെഹിക്കിൾ സ്ക്രാപ്പിംഗ് ഫെസിലിറ്റിയുടെ ഉദ്ഘാടനം നിർവഹിച്ചുകൊ് ടുകുനി സഹു പറഞ്ഞു. ഈ പുതിയ സ്ക്രാപ്പേജ് സൗകര്യത്തിന്റെ ഉദ്ഘാടനത്തോടെ, ഗതാഗത മേഖലയുടെ പാരിസ്ഥിതിക ആഘാതം കുറയ്ക്കുന്നതിനുള്ള ഒരു നിർണായക ചുവടുവെയ്പ്പ് നമ്മൾ കൈക്കൊള്ളുന്നു. പഴയ വാഹനങ്ങൾ സംസ്കരിക്കുന്നതിന് സൗകര്യപ്രദവും സുരക്ഷിതവുമായ മാർഗ്ഗം മാത്രമല്ല ഈ സൗകര്യം. വൃത്തിയുള്ളതും ഹരിതവുമായ ഒരു ഭാവിക്കായി ഐക്യപ്പെടാൻ നമ്മുടെ പൗരന്മാരെ പ്രേരിപ്പിക്കുന്നതുകൂടിയാണും മന്ത്രി കൂട്ടിച്ചേർത്തു.ടാറ്റ മോട്ടോഴ്സിൽ, സുസ്ഥിരവും പരിസ്ഥിതി സൗഹൃദവുമായ മൊബിലിറ്റി സൊല്യൂഷനുകളും സമ്പൂർണ്ണ ലൈഫ് സൈക്കിൾ മാനേജ്മെന്റും നയിക്കാൻ തങ്ങൾ പ്രതിജ്ഞാബദ്ധരാണെന്ന് ടാറ്റ മോട്ടോഴ്സ് ട്രക്സ് ബിസിനസ് ഹെഡ് രാജേഷ് കൗൾ പറഞ്ഞു.ഒഡീഷയിൽ തങ്ങളുടെ ഏറ്റവും പുതിയ ആർവിഎസ്എഫ് ഉദ്ഘാടനം ചെയ്യുമ്പോൾ, ഉത്തരവാദിത്തമുള്ള ലൈഫ് എൻഡ് വാഹന സ്ക്രാപ്പിംഗിലേക്കുള്ള ഒരു പരിവർത്തനാത്മക യാത്ര ആരംഭിക്കുന്നു. സുരക്ഷിതവും സുസ്ഥിരവുമായ വാഹന സ്ക്രാപ്പിംഗിനായി ആധുനിക ഉപകരണങ്ങളുള്ള ആഗോളതലത്തിൽ ബെഞ്ച്മാർക്ക് ചെയ്ത റീസൈക്ലിംഗ് പ്രക്രിയകൾ നടപ്പിലാക്കുന്നതിലൂടെ, സ്ക്രാപ്പ് മെറ്റീരിയലുകളിൽ നിന്ന് പരമാവധി മൂല്യം വേർതിരിച്ചെടുക്കാനും ശോഭനമായ ഭാവിക്കായി മാലിന്യങ്ങൾ കുറയ്ക്കാനും ലക്ഷ്യമിടുന്നു. ഉപഭോക്താക്കൾക്ക് ഏറെ ഗുണം ചെയ്യുന്ന പദ്ധതി പരിസ്ഥിതി സൗഹൃദ വാഹനങ്ങൾ സ്ക്രാപ്പിംഗിന്റെ ആവശ്യകത നിറവേറ്റുന്നതിനൊപ്പം സാമ്പത്തിക വളർച്ച പ്രോത്സാഹിപ്പിക്കുകയും തൊഴിലവസരങ്ങൾ സൃഷ്ടിക്കും ചെയ്യുമെന്നും രാജേഷ് കൗൾ പറഞ്ഞു.

# റിലയൻസിന് ആദ്യ പാദത്തിൽ അറ്റാദായം 16,011 കോടി രൂപ

**കൊച്ചി:**റിലയൻസ് ഇൻഡസ്ട്രീസ് ലിമിറ്റഡ് ഒരു ഓഹരിക്ക് ഒമ്പതു രൂപ ലാഭവിഹിതം പ്രഖ്യാപിച്ചു. റിലയൻസിന് 2023-24 സാമ്പത്തിക വർഷത്തിൽ ആദ്യ പാദത്തിൽ അറ്റാദായം 16,011 കോടി രൂപയാണ്. കഴിഞ്ഞ വർഷം ആദ്യപാദത്തിൽ 17,955 കോടി രൂപയായിരുന്നു. റിലയൻസ് റീട്ടെയിലിന്റെ ഒന്നാം പാദത്തിലെ വരുമാനം 69,962 കോടി രൂപയായും ഓയിൽ ആൻഡ് ഗ്യാസ് വരുമാനം 4,632 കോടി രൂപയായും ഉയർന്നു. മാർച്ച് 31 ന് അവസാനിച്ച മൂന്ന് മാസങ്ങളിലെ റെക്കോർഡ് ലാഭം 19,299 കോടി രൂപയുമായി താരതമ്യപ്പെടുത്തുമ്പോൾ അറ്റാദായം ഈ ത്രൈമാസത്തിൽ കുറവാണ്. ഓപ്പറേഷൻസിൽ നിന്നുള്ള നിന്നുള്ള വരുമാനം മുൻവർഷത്തെ 2.22 ലക്ഷം കോടി രൂപയിൽ നിന്ന് 2.1 ലക്ഷം കോടി രൂപയായി കുറഞ്ഞു. 2023 ജനുവരി,മാർച്ച് മാസങ്ങളിൽ 2.16 ലക്ഷം കോടി രൂപയായിരുന്നു. അസംസ്കൃത എണ്ണവില കുറഞ്ഞതും ഡീസൽ പോലുള്ള ഇന്ധനങ്ങളുടെ മാർജിൻ കുറഞ്ഞതുമാണ് ഇതിന് പ്രധാന കാരണം. ഓയിൽടുകെമിക്കൽ (O2C) വെർട്ടിക്കൽ കുറഞ്ഞതും ഉയർന്ന പലിശയും മൂല്യത്തകർച്ചയും കാരണമാണ് ഇടിവ് എന്ന് വിലയിരുത്തപ്പെടുന്നു.

# അന്താരാഷ്ട്ര പുസ്തകോത്സവം: ബ്രോഷർ പ്രകാശനം നടത്തി



**കൊച്ചി:** ഇരുപത്തിയാറാമത് കൊച്ചി അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ ബ്രോഷർ പ്രകാശനം കേന്ദ്ര സാമൂഹ്യനീതി ശാക്തീകരണ വകുപ്പ് മന്ത്രി രാംദാസ് അതേവാല നിർവ്വഹിച്ചു. എറണാകുളം ഗസ്റ്റ്ഹൗസിൽ നടന്ന ചടങ്ങിൽ പുസ്തകോത്സവ സമിതി പ്രസിഡന്റ് ഇ.എൻ.നന്ദകുമാർ , ബിജെപി ജില്ലാ പ്രസിഡന്റ് കെ.എസ്. ഷൈജു, വൈസ് പ്രസിഡന്റ് എസ്.സജി, റിപ്പബ്ലിക്കൻ പാർട്ടി സംസ്ഥാന നേതാക്കളായ മനോജ് മനയത്തൊടി, വി.കെ.ഷെരീഫ് ബാബു, അജോയ്.ഇ.ടി, അഡ്വ.കെ.പി.ഷിബി, പുസ്തകോത്സവം സെക്രട്ടറി രാജേഷ് ചന്ദ്രൻ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. ഡിസംബർ ഒന്ന് മുതൽ പത്തുവരെ എറണാകുളത്തപ്പൻ മൈതാനത്താണ് പുസ്തകോത്സവം അരങ്ങേറുന്നത്.

# ആരോഗ്യമേഖലയിൽ കൈകോർത്ത് ഗാംബിയ റിപ്പബ്ലിക്കും കോഴിക്കോട് ആസ്റ്റർ മിംസും

**കോഴിക്കോട്:** ആഫ്രിക്കൻ രാജ്യമായ ഗാംബിയ റിപ്പബ്ലിക്കുമായി ആരോഗ്യ മേഖലയിൽ സഹകരിക്കാനൊരുങ്ങി കോഴിക്കോട് ആസ്റ്റർ മിംസ്. ഗാംബിയയിലെ ജനങ്ങൾക്ക് ലോകോത്തര ചികിത്സകളും ആരോഗ്യസേവനങ്ങളും ഏറ്റവും കുറഞ്ഞ ചിലവിൽ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെയാണ് കൈകോർക്കുന്നത്. ഇതു സംബന്ധിച്ച ധാരണാ പത്രത്തിൽ ഗാംബിയൻ ഹൈക്കമ്മീഷണർ മുസ്തഫ ജവാര ഒപ്പുവെച്ചു. വിദഗ്ധ ചികിത്സ, മെഡിക്കൽ ടൂറിസം, അക്കാദമിക് രംഗം എന്നിവയിലാണ് സഹകരിക്കുന്നത്. അവയവ മാറ്റം, മിനിമൽ ആക്സസ് റോബോട്ടിക് ശസ്ത്രക്രിയകൾ, ഏറ്റവും ആധുനിക സാങ്കേതിക വിദ്യകളുടെ സഹായത്തോടെയുള്ള സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി, ഓങ്കോളജി, ബോൺ മാരോ ട്രാൻസ്പ്ലാന്റ് ശസ്ത്രക്രിയകൾ ഉൾപ്പടെ ആസ്റ്റർ മിംസിൽ ലഭ്യമായ ഏറ്റവും നൂതനമായ വിദഗ്ധ ചികിത്സകൾ തന്നെ ലഭ്യമാക്കും. ഇതിനു വേണ്ട നടപടിക്രമങ്ങൾ വേഗത്തിലാക്കും. ഏറ്റവും മികച്ച രോഗീ പരിചരണം ലഭ്യമാക്കുന്നതിനുള്ള എല്ലാ കാര്യങ്ങളും ചെയ്യുമെന്ന് കോഴിക്കോട് ആസ്റ്റർ മിംസ് ചീഫ് ഓഫ് മെഡിക്കൽ സെർവിസ്സ് ഡോ എബ്രഹാം മാമ്മൻ കൂടിക്കാഴ്ചയിൽ പറഞ്ഞു. ലോകോത്തര ആരോഗ്യ സേവനങ്ങൾ നൽകുന്നതിനൊപ്പം ഗാംബിയയിൽ നിന്നുള്ള മെഡിക്കൽ, പാരാമെഡിക്കൽ വിദ്യാർത്ഥികൾക്ക് നൈപുണ്യ വികസനത്തിന് വേണ്ട ഇടപെടലുകളും പരിശീലനവും കോഴിക്കോട് ആസ്റ്റർ മിംസിൽ നൽകും. ഇതുവഴി ഏറ്റവും മികച്ച ആരോഗ്യ സേവനം നൽകാൻ അവരെ പ്രാപ്തരാക്കുക എന്നതാണ് ലക്ഷ്യം. ഏതാനും ദിവസങ്ങളായി കേരള സന്ദർശനത്തിലായിരുന്ന ജവാരെ കഴിഞ്ഞ ദിവസമായിരുന്നു ഉത്തര കേരളത്തിലെ ഏറ്റവും മികച്ചതും അത്യാധുനികവുമായ ചികിത്സാലയങ്ങളിലൊന്നായ ആസ്റ്റർ മിംസിൽ എത്തിയത്.



വിദഗ്ധ ചികിത്സ നൽകുന്ന ഓരോ വകുപ്പുകളിലെയും ഡോക്ടർമാരുമായി നേരിട്ട് സംസാരിക്കുകയും, പിൻഹോൾ ഇന്റെർവെൻഷൻ ഉൾപ്പെടെയുള്ള വിവിധ ഡിപ്പാർട്ട്മെന്റുകളുടെ പ്രവർത്തനങ്ങളും, വിദേശത്തുനിന്നും ചികിത്സക്കായെത്തുന്ന രോഗികൾക്ക് ഒരുക്കിയിരിക്കുന്ന സൗകര്യങ്ങളും വിലയിരുത്തിയതിനു ശേഷമാണു മടങ്ങിയത്.ഗാംബിയ റിപ്പബ്ലിക്കുമായി സഹകരിക്കുന്നതും അവിടുത്തെ ആരോഗ്യ സംരക്ഷണ മേഖല മെച്ചപ്പെടുത്തുന്നതിന് സഹായിക്കാൻ കഴിയുന്നതും അഭിമാനാർഹമായ കാര്യമാണെന്ന് കോഴിക്കോട് ആസ്റ്റർ മിംസ് ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ ലുക്മാൻ പൊൻമാടത്ത് പറഞ്ഞു. അവിടെ നിന്ന് വരുന്ന രോഗികൾക്ക് ലോകോത്തര ചികിത്സ സേവനങ്ങൾ ഗുണനിലവാരത്തിൽ യാതൊരു വിട്ടുവീഴ്ചയും കാണിക്കാതെ ഏറ്റവും കുറഞ്ഞ ചിലവിൽ നൽകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# ചാവറ കൾച്ചറൽ സെന്ററിൽ ഫ്രഞ്ച് ചലച്ചിത്രമേള

**കൊച്ചി :** ചാവറ കൾച്ചറൽ സെന്ററിന്റെ കീഴിൽ പ്രവർത്തിക്കുന്ന ചാവറ മൂവി സർക്കിൾ ഫിലിം സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ജൂലൈ 26,27 തിയതികളിൽ വൈകിട്ട് 5.15ന് ചാവറ പബ്ലിക്ക് ലൈബ്രറിയിൽ വെച്ച് ഫ്രഞ്ച് ചലച്ചിത്രമേള സംഘടിപ്പിക്കുന്നു. ഫിലിപ്പ് ലക്കോട്ട് സംവിധാനം ചെയ്ത നൈറ്റ് ഓഫ് ദി കിങ്സ് (111 മിനിറ്റ്), എറിക് ബാർബർ സംവിധാനം ചെയ്ത ലിറ്റിൽ കൺട്രി (93 മിനിറ്റ്) എന്നീ സിനിമകളാണ് പ്രദർശിപ്പിക്കുന്നത്. നൈറ്റ് ഓഫ് ദി കിങ്സ് 2021ലെ ഇൻഡിപെന്റൻസ് സ്പിരിറ്റ് അവാർഡിൽ മികച്ച അന്താരാഷ്ട്രചിത്രമായും മികച്ച വിദേശചിത്രത്തിനുള്ള ആഫ്രിക്കൻ അമേരിക്കൻ ക്രിട്ടിക്സ് അവാർഡ് ഉൾപ്പെടെ നിരവധി പുരസ്കാരങ്ങൾ നേടിയിട്ടു്. ലിറ്റിൽ കൺട്രി എന്ന മികച്ച സിനിമ, മികച്ച പുതുമുഖനടനുള്ള ലൂമിയർ അവാർഡ് ഉൾപ്പെടെ നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടു്.ഫിലിം ഫെസ്റ്റിവലിലേക്കുള്ള പ്രവേശനം സൗജന്യമായിരിക്കുമെന്ന് ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ. അനിൽ ഫിലിപ്പ് സി.എം.ഐ. അറിയിച്ചു.

# പ്രതിരോധശേഷി കൂട്ടാൻ കടൽപായൽ ഉൽപന്നവുമായി സിഎംഎഫ്ആർഐ

**കൊച്ചി:** കോവിഡാനന്തര ആരോഗ്യപ്രശ്നങ്ങളുള്ളവരിൽ പ്രതിരോധശേഷി വർധിപ്പിക്കാൻ കടൽപായലിൽ നിന്നും പ്രകൃതിദത്ത ഉൽപന്നവുമായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ). സാർസ് കോവി2 ഡെൽറ്റ വകഭേദങ്ങളെ പ്രതിരോധിക്കാനുള്ള ആന്റി വൈറൽ ഗുണങ്ങളും ഈ ന്യൂട്രാസ്യൂട്ടിക്കൽ ഉൽപ്പന്നത്തിനുണ്ട്. കടൽപായലുകളിൽ അടങ്ങിയിരിക്കുന്ന ഫലപ്രദമായ ബയോ ആക്ടീവ് സംയുക്തങ്ങൾ ഉപയോഗിച്ചാണ് കടൽമീൻ ഇമ്യുണോആൽഗിൻ എക്സട്രാക്റ്റ് എന്ന് പേരുള്ള ഉൽപ്പന്നം നിർമിച്ചിരിക്കുന്നത്.പൂർണമായും പ്രകൃതിദത്ത ചേരുവകളാണ് ഇതിനായി ഉപയോഗിച്ചിട്ടുള്ളത്. ഉൽപ്പന്നത്തിന് യാതൊരുവിധ പാർശ്വഫലങ്ങളുമില്ലെന്നത് വിശദമായ പ്രിക്ലിനിക്കൽ പരീക്ഷണങ്ങളിലൂടെ തെളിഞ്ഞിട്ടുണ്ടെന്ന് ഗവേഷണത്തിന് നേതൃത്വം നൽകിയ സിഎംഎഫ്ആർഐയിലെ മറൈൻ ബയോടെക്നോളജി ഫിഷ് ന്യൂട്രീഷൻ ആൻറ് ഹെൽത്ത് ഡിവിഷൻ മേധാവി ഡോ കാജൽ ചക്രവർത്തി പറഞ്ഞു.സാർസ് കോവി2 ഡെൽറ്റ വകഭേദങ്ങൾ ബാധിച്ച കോശങ്ങളിൽ വൈറസ്ബാധയുടെ വ്യാപ്തി കുറയക്കാനും അമിതമായ അളവിലുള്ള സൈറ്റോകൈൻ ഉൽപാദനം നിയന്ത്രിച്ച്






പ്രതിരോധസംവിധാനം മെച്ചപ്പെടുത്താനും ഈ ഉൽപന്നം സഹായകരമാകുന്നതായി പരീക്ഷണങ്ങളിൽ കണ്ടെത്തിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.സിഎംഎഫ്ആർഐ വികസിപ്പിക്കുന്ന പത്താമത്തെ ന്യൂട്രാസ്യൂട്ടിക്കൽ ഉൽപന്നമാണിത്. മരുന്നായല്ല, ഭക്ഷ്യപൂരകങ്ങളായി ഉപയോഗിക്കുന്നവയാണ് ന്യൂട്രാസ്യൂട്ടിക്കൽ ഉൽപന്നങ്ങൾ. നേരത്തെ, പ്രമേഹം, സന്ധിവേദന, അമിതവണ്ണം, രക്തമസമർദം, തൈറോയിഡ്, ഫാറ്റിലിവർ എന്നീ രോഗങ്ങളെ ചെറുക്കുന്നതിന സിഎംഎഫ്ആർഐ കടൽപായലിൽ നിന്നും ഉൽപന്നങ്ങൾ വികസിപ്പിച്ചിരുന്നു.ഈ ഉൽപന്നം വ്യാവസായികമായി നിർമിക്കുന്നതിന്, മരുന്ന് നിർമാണരംഗത്ത് പ്രവർത്തിക്കുന്നവർക്ക് സാങ്കേതികവിദ്യ കൈമാറുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. കഴിഞ്ഞ കുറച്ചുവർഷങ്ങളായി, കടൽപായലിൽ നിന്നും ആരോഗ്യസംരക്ഷണത്തിനുതകുന്ന കണ്ടെത്തലുകൾക്കായി സിഎംഎഫ്ആർഐ പഠനം നടത്തിവരുന്നുണ്ട്. കൂടാതെ, കടൽപായൽ കൃഷി വ്യാപമാക്കുന്നതിനുള്ള പദ്ധതികളും നിലവിലുണ്ട്.

## ലാറ്ററൽ എൻട്രി അഡ്മിഷൻ

**തിരുവനന്തപുരം :** തിരുവനന്തപുരം ജില്ലയിലെ ലാറ്ററൽ എൻട്രി അഡ്മിഷൻ താഴെ പറയുന്ന സമയക്രമത്തിനനുസരിച്ച് ജൂലൈ 26 ന് രാവിലെ ഒമ്പത് മുതൽ സെൻട്രൽ പോളിടെക്നിക് കോളജിൽ നടത്തുന്നു. ഐ.ടി.ഐ ക്യാൻഡിഡേറ്റ്സ് രാവിലെ 9 മണി മുതൽ സ്റ്റേറ്റ് റാങ്ക് 450 വരെ, 10 മണി മുതൽ 451 മുതൽ 1000 വരെ, 10.30ന് 1001 മുതൽ അവസാന റാങ്ക് വരെയും. പ്ലസ് ടു/വിഎച്ച്എസ്ഇ ക്യാൻഡിഡേറ്റ്സ് രാവിലെ 11 മണിക്ക് ധീവര, ലാറ്റിൻ കത്തോലിക്, എസ്.സി, എസ്.ടി വിഭാഗത്തിൽപ്പെട്ട എല്ലാവരും, 11.15 മുതൽ സ്റ്റേറ്റ് റാങ്ക് 1000 വരെ, 12.30ന് 1001 മുതൽ 3000 വരെ, 2.30 ന് റാങ്ക് 3001 മുതൽ 5000 വരെ, 3.15ന് ടെക്സ്റ്റൈൽ ടെക്നോളജി, ഇൻസ്ട്രുമെന്റേഷൻ എൻജിനീയറിംഗ് എന്നീ കോഴ്സുകൾ പഠിക്കാൻ താത്പര്യമുള്ള എല്ലാ വിഭാഗക്കാരും, 3.30ന് സെൽഫ് ഫിനാൻസിങ് കോളജിൽ പഠിക്കാൻ താത്പര്യമുള്ള 5001 മുതൽ അവസാന റാങ്ക് വരെയുള്ളവർ.

## ഡോക്ടറൽ ഫെലോഷിപ്പ്

**തിരുവനന്തപുരം:** കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിൽ ഡോക്ടറൽ ഫെല്ലോഷിപ്പുകൾക്ക് അപേക്ഷ ക്ഷണിച്ചു. ജൈവവൈവിധ്യ സംരക്ഷണവുമായി ബന്ധപ്പെട്ട ഗവേഷണങ്ങൾക്കാണ് ഫെല്ലോഷിപ്പ്. യു.ജി.സി./ യൂണിവേഴ്സിറ്റി നിഷ്കർഷിച്ച യോഗ്യതകളുള്ളവർക്ക് അപേക്ഷിക്കാം. അപേക്ഷകൾ ആഗസ്റ്റ് 20നകം ലഭിക്കണം. വിശദവിവരങ്ങൾക്ക് www.keralabiodiverstiy.org.

# മിൽമയുടെ സ്റ്റേറ്റ് ക്വാളിറ്റി കൺട്രോൾ ലാബ് നടത്തിപ്പ്: എൻഡിഡിബി – മിൽമ കരാർ



**കൊച്ചി:** എറണാകുളം മേഖലാ യൂണിയൻ ആസ്ഥാനത്ത് കേന്ദ്ര സർക്കാർ ധനസഹായത്തോടെ മിൽമ പുതുതായി പണികഴിപ്പിച്ച സ്റ്റേറ്റ് സെൻട്രൽ ക്വാളിറ്റി കൺട്രോൾ ലാബിന്റെ നടത്തിപ്പിനായി ദേശീയ ക്ഷീര വികസന ബോർഡിന്റെ (എൻഡിഡിബി) പൂർണ ഉടമസ്ഥതയിലുള്ള കാഫ് (സിഎഎൽഎഫ് ) ലിമിറ്റഡുമായി കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ (കെസിഎംഎംഎഫ് മിൽമ) കരാർ ഒപ്പിട്ടു.കരാർ പ്രകാരം സെൻട്രൽ ക്വാളിറ്റി കൺട്രോൾ ലാബിന്റെ പ്രവർത്തനങ്ങളുടെ നടത്തിപ്പ് 10 വർഷത്തേക്ക് കാഫ് (സിഎഎൽഎഫ് ) ലിമിറ്റഡിന് മിൽമ കൈമാറി. 10 കോടിയോളം രൂപയുടെ കേന്ദ്ര സഹായത്തോടെ സജ്ജീകരിച്ചിരിക്കുന്ന ലാബിൽ വിവിധ ഭക്ഷ്യ ഉൽപന്നങ്ങൾ, കാലിത്തീറ്റ, ധാതു മിശ്രിതങ്ങൾ എന്നിവ പരിശോധിക്കാനുള്ള അത്യാധുനിക ഉപകരണങ്ങളുണ്ട്.എൻഡിഡിബി ചെയർമാൻ ഡോ. മീനേഷ് സി ഷാ, മിൽമ ചെയർമാൻ കെ എസ്. മണി, മിൽമ എറണാകുളം മേഖലാ യൂണിയൻ ചെയർമാൻ എം ടി. ജയൻ എന്നിവരുടെ സാന്നിധ്യത്തിൽ എൻഡിഡിബി സിഎഎൽഎഫ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ രാജേഷ് സുബ്രഹ്മണ്യവും മിൽമ മാനേജിംഗ് ഡയറക്ടർ ആസിഫ് കെ യൂസഫും തമ്മിൽ ഗുജറാത്ത് ആനന്ദിലെ എൻഡിഡിബി യിൽ വച്ചാണ് കരാർ ഒപ്പുവച്ചത്.സ്റ്റേറ്റ് സെൻട്രൽ ക്വാളിറ്റി കൺട്രോൾ ലാബിൻറെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എൻഡിഡിബി യുമായി മിൽമ ചർച്ചകൾ നടത്തിയിരുന്നു.ദേശീയ ക്ഷീര വികസന പദ്ധതിയുടെ ധനസഹായത്തോടെ എറണാകുളം മേഖലാ യൂണിയൻ ആസ്ഥാനത്ത് മിൽമ ആരംഭിച്ചതാണ് സംസ്ഥാന സെൻട്രൽ ക്വാളിറ്റി കൺട്രോൾ ലാബ്.അന്താരാഷ്ട്ര നിലവാരത്തിൽ ലാബ് പ്രവർത്തിപ്പിക്കുന്നതിനും ആവശ്യമായ അക്രഡിറ്റേഷനുകൾ നേടുന്നതിനുമുള്ള സാങ്കേതിക പിന്തുണ എൻഡിഡിബി നൽകും. എഫ്എസ്എസ്എഐ, ബിഐഎസ് തുടങ്ങിയവയുടെ റഫറൽ ലബോറട്ടറിയായി ലാബ് മാറും.

